Vol.XXVIII,No.5 July 2012

# യേശു ജീവിക്കുന്നു

Yesu Jeevikkunnu

A Publication of Grace Ministries of India

# ഫറാക്കയിൽ ആത്മീയ കൂട്ടായ്മകൾക്കായി പ്രതിഷ്ഠിക്കപ്പെട്ട സഭാമന്ദിരം

– സ്വന്തം ലേഖകൻ

**പ**ശ്ചിമബംഗാളിൽ ഗംഗാനദിയുടെ തീരത്ത് ഇടതുവശത്തായി സ്ഥിതി ചെയ്യുന്ന വളരെ ഫലഭൂയിഷ്ഠമായ ഒരു ജില്ലയാണ് മുർഷിദാബാദ്. ഭാരതത്തിലെ ജനസംഖ്യാനിരക്കിൽ 9–ാം സ്ഥാനത്തു നില്ക്കുന്ന ഈ ജില്ലയിലെ സെൻസസ് നഗരമാണ് ഫറാക്കാബാരേജ് ടൗൺഷിപ്പ്. ഇവിടം ആസ്ഥാനമാക്കി ജി.എം.ഐ മിഷണറി പ്രവർത്തനം ആരംഭിച്ചിട്ട് 6 വർഷമായി. സഹോ. ജി. ആൽബർട്ട് ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. ലക്ഷക്കണക്കിന് ജനങ്ങൾ സുവിശേഷം ശ്രവിക്കാൻ ഈ പ്രവർത്തനങ്ങളെല്ലാം കാരണമായിത്തീർന്നുകൊണ്ടിരിക്കുന്നു. ഇതിനകം ബ്രദർ. ആൽബർട്ടിന്റെ നേതൃത്വത്തിൽ പശ്ചിമബംഗാളിലെ വിവിധയിടങ്ങളിൽ 5 സഭാഹാളുകൾ നിർമ്മിച്ചുകഴിഞ്ഞു. എല്ലാ മതവിഭാഗങ്ങളിൽപെട്ട ജനങ്ങൾക്കും ആരാധിക്കാൻ അവരവരുടെ മതസ്ഥാപനങ്ങൾ ഉള്ള ഒരിടമാണ് ഫറാക്ക. എന്നാൽ ഭാരതത്തിലെ പല സംസ്ഥാനങ്ങളിൽ നിന്നുള്ള ക്രിസ്തീയ സഹോദരങ്ങൾ നാഷണൽ തെർമ്മൽ പവർ കോർപറേഷനിലും (എൻ.റ്റി.പി.സി) സ്കൂളുകളിലും ആശുപത്രികളിലും ബാരേജ് ടൗൺഷിപ്പിലുമായി ജോലി ചെയ്യുന്നു. ഇവർക്ക് കൂടിവരുവാനും ആത്മീയ ഉത്തേജനം ലഭിക്കുവാനും ഒരു സഭാഹാളും ഇല്ലായിരുന്നു. എന്നാൽ എൻ.റ്റി.പി.സിയിൽ ജോലി ചെയ്യുന്ന ഒരു സഹോദരന്റെ ക്വേട്ടേഴ്സിൽ കുടുംബപ്രാർത്ഥനയായി ആരംഭിച്ച കൂട്ടായ്മ വളർന്ന് ഒരു വലിയ പ്രാർത്ഥനാ കൂട്ടായ്മയായിത്തീർന്നു.

ഈ സാഹചര്യത്തിലാണ് സഹോ. ജി. ആൽബർട്ടിന്റെ നേതൃത്വത്തിൽ ഇവിടെയുള്ള സഹോദരന്മാരുടെ സഹായത്താൽ 2010 ഡിസംബറിൽ ഫറാക്ക ആസ്ഥാനമായി ഗ്രെയ്സ് ഫെസ്റ്റ് ക്രമീകരിച്ചത്. അനന്തരഫലമായി സംഘടിതരായ വിശ്വാസ സമൂഹത്തിന് കൂടിവരുവാൻ ഒരു സഭാഹാളിന്റെ ആവശ്യകത മനസ്സിലായതിനാൽ ഗവൺമെന്റ് ടൗൺഷിപ്പിനുള്ളിലുള്ള പൊതുസ്ഥലത്ത് ഒരു താത്കാലിക ഷെഡ് നിർമ്മിച്ച് ആരാധന ആരംഭിച്ചു. ഒരു വർഷത്തോളം ആരാധന നടത്തിയിട്ടും യാതൊരു എതിർപ്പുകളും അധികാരികളിൽ നിന്നും നേരിട്ടില്ല.

2012 ഫെബ്രുവരി 5–ാം തീയതി നടന്ന ആരാധനയിൽ മുഖ്യ അതിഥിയും പ്രഭാഷകനുമായി ക്ഷണിക്കപ്പെട്ട ഡോ. ഡി.ജെ. അജിത്കുമാർ ശുശ്രൂഷാവേളയിൽ സഭാഹാൾ നിർമ്മാണത്തിന് ജനത്തെ ആഹ്വാനം ചെയ്തു സംസാരിച്ചപ്പോൾ തന്നെ എല്ലാവരും ഏകമനസ്സോടെ വാഗ്ദാനതുകകൾ എഴുതി സമ്മതം അറിയിച്ചു. മാർച്ച് 5–ാം തീയതി പ്രാർത്ഥനയോടെ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ വെറും 90 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കി. ഫെബ്രുവരി 5–ാം തീയതി തീരുമാനിച്ചതിൻ പ്രകാരം ജൂൺ 24 ഞായർ 5 മണിക്ക് തന്നെ ഇതിന്റെ

*(ശേഷം 2–ാം പേജിൽ)*



***ഒരു കുടക്കീഴിൽ ഒത്തൊരുമയോടെ:*** *സഭാഹാളിന്റെ സമർപ്പണ സമയം വിശ്വാസികൾ കൂടി വന്നപ്പോൾ*



*ആത്മീയ ഒത്തുചേരലുകൾക്കായി പുതിയൊരു ഇടം*

## മുന്നറിയിപ്പ് – പ്രത്യേകം ശ്രദ്ധിക്കുക

ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ എന്ന പേരിൽ തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്തു എന്നവകാശപ്പെടുന്ന ഒരു സംഘടനയുടെ പ്രവർത്തകർ തിരുവനന്തപുരം ജില്ലയുടെ പലഭാഗങ്ങളിലുമുള്ള ജി.എം.ഐയുടെ അഭ്യുദയകാംക്ഷികളുടെയും സ്പോൺസർമാരുടെയും ഭവനങ്ങൾ കയറി പണം പിരിക്കുന്നതായി അറിയുന്നു. Reg. No. 24/2010, 122/2011, T- 1954/2007 എന്നിങ്ങനെ മൂന്ന് വ്യത്യസ്ത രജിസ്ട്രേഷൻ നമ്പറുകൾ ഈ സംഘടനയുടെ നോട്ടീസിൽ പ്രിന്റ് ചെയ്തിട്ടുണ്ട്. ഇവരുമായി ജി.എം.ഐയ്ക്ക് യാതൊരു തരത്തിലുള്ള ബന്ധവുമില്ല എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ജി.എം.ഐയിലൂടെ നടക്കുന്ന മിഷണറി പ്രവർത്തനങ്ങളെയും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളെയും സന്ധാരണം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർ നിങ്ങൾ നൽകുന്ന തുക ജി.എം.ഐയ്ക്കു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക. പ്രത്യേകാൽ ധനസമാഹരണത്തിനായി പ്രവർത്തകർ ഭവനങ്ങളിൽ വരുമ്പോൾ അവർക്കു ജി.എം.ഐ നല്കിയിട്ടുള്ള ഐഡന്റിറ്റി കാർഡ് കണ്ട് ഉറപ്പു വരുത്തിയ ശേഷം മാത്രം സംഭാവനകൾ നല്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ഡോ. ഇ. സ്റ്റീഫൻ**
ജനറൽ സെക്രട്ടറി
ജി.എം.ഐ



## എഡിറ്റോറിയൽ

**കു**റച്ചു നാളുകളായി കേരളത്തിൽ വളരെയേറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വിഷയമാണ് കൊലപാതക രാഷ്ട്രീയം. പൊതു ഖജനാവ് ധൂർത്തടിച്ചുകൊണ്ടുള്ള മറ്റൊരു തിരഞ്ഞെടുപ്പുകൂടി (?) കഴിഞ്ഞു. ഇതിനോടനുബന്ധിച്ചുണ്ടായ പ്രമുഖ രാഷ്ട്രീയ നേതാവായ ടി.പി. ചന്ദ്രശേഖരന്റെ ദാരുണമായ വധവും അതേതുടർന്നുണ്ടായ രാഷ്ട്രീയ മലക്കം മറിച്ചിലുകൾക്കും കേരളം സാക്ഷ്യം വഹിച്ചതാണ്. ചില മുതിർന്ന രാഷ്ട്രിയ നേതാക്കന്മാരും ക്വട്ടേഷൻ സംഘങ്ങളും പ്രതിക്കൂട്ടിലായതും, പൊതുജനങ്ങളെ കഴുതകളാക്കിക്കൊണ്ട് അരങ്ങേറിയ ആരോപണ പ്രത്യാരോപണങ്ങളും മാധ്യമങ്ങളിലൂടെ പ്രത്യക്ഷമായിക്കൊണ്ടിരുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിന് ഇന്ന് എന്തുപറ്റി? നൂറുശതമാനം സാക്ഷരത അവകാശപ്പെടുന്ന പ്രബുദ്ധകേരളം ഇന്ന് ക്വട്ടേഷൻ സംഘങ്ങളുടെയും പിടിച്ചുപറിക്കാരുടെയും അരങ്ങേറ്റ ഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. സാധാരണ ജനജീവിതം ദുഃസ്സഹമായി തീർന്നുകൊണ്ടിരിക്കുന്നു. ഇവിടെ ആരും സുരക്ഷിതരല്ല. നിസ്സാര പ്രശ്നങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി സഹജീവികളുടെ നേരെ കത്തി വീശുന്ന കിരാതന്മാർ പെരുകിക്കൊണ്ടിരിക്കുന്നു. മനുഷ്യന് വിലയിടിവ് സംഭവിച്ചുകൊണ്ടിരിക്കുന്ന ഇവിടെ കയീന്റെ തലമുറകൾ പെരുകിക്കൊണ്ടിരിക്കുകയാണ്. ഇത് കേരളത്തിന്റെ മാത്രം അവസ്ഥയല്ല.

അന്താരാഷ്ട്രതലത്തിൽ സാമ്പത്തികമാന്ദ്യം ഉണ്ടായാലും പിരിച്ചുവിടപ്പെടാത്ത ഏക വ്യവസായം ആയുധ നിർമ്മാണമാണ്. അസമാധാനം വില്പന ചരക്കാക്കി സ്ഥാപിത താത്പര്യങ്ങൾ നേടിയെടുക്കുന്ന മത രാഷ്ട്രീയ രംഗങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാഷ്ട്രത്തിന്റെ വരുമാനത്തിന്റെ സിംഹഭാഗവും ചെലവഴിക്കുന്നത് ആയുധശേഖരണത്തിനു വേണ്ടിയാണെന്നത് ഒരു നഗ്നസത്യമാണ്. ഭാരതത്തിന്റെ മാത്രമല്ല എല്ലാ മൂന്നാം ലോക രാഷ്ട്രങ്ങളുടെയും സ്ഥിതി ഇതാണ്. ദാരിദ്ര്യവും പട്ടിണിയും പെരുകിയാലും ആയുധങ്ങൾ ശേഖരിക്കുന്നതിന് യാതൊരു കുറവുമില്ല. ഈ വ്യവസായ ഭീമന്മാർ എന്നും യുദ്ധങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കും. ഹിംസയിൽ നിന്നും ഹിംസയല്ലാതെ മറ്റൊന്നും പിറവികൊള്ളുന്നില്ല.

ഇവിടെ യേശുക്രിസ്തുവിന്റെ ദൈവരാജ്യ സന്ദേശങ്ങൾക്ക് പ്രസ്ക്തിയേറുന്നു. നീതി നിഷേധിക്കപ്പെടുന്നിടത്താണ് സംഘർഷങ്ങൾ ഉടലെടുക്കുന്നത്. സംഘർഷങ്ങൾ അസമാധാനത്തിനു നിദാനവുമായിത്തീരുന്നു. യേശുവിന്റെ ദൈവരാജ്യസന്ദേശം നീതിയുടെയും സമാധാനത്തിന്റെയും പരിശുദ്ധാത്മാവിലുള്ള സന്തോഷത്തിന്റെയും വിളനിലമാണ്. ഇവിടെ അനീതിക്കും തിന്മയ്ക്കുമെതിരെ സന്ധിയില്ലാ സമരം പ്രഖ്യാപിക്കുകയാണ്. അത് പക്ഷേ സായുധ സമരമല്ല, ഓരോ ശിഷ്യരും ദൈവരാജ്യത്തിന്റെ വക്താക്കളായി പ്രായോഗിക ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയാണ് ചെയ്യുന്നത്. കൂടാതെ ഇത് പ്രകടനങ്ങളുടെയോ അഭിനയത്തിന്റെയോ മുഖംമൂടി അണിയുന്ന ജീവിതരീതിയല്ല മറിച്ച് സ്വാഭാവികമായ ഒരു ജീവിത ശൈലിയാണ്, ക്രിസ്തുവിനെപ്പോലെ ആയിത്തീരുവാനുള്ള ഒരു ശ്രമമാണ്.

ജീവൻ വിലപ്പെട്ടതാണ് അത് നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണ്. യേശു പറഞ്ഞു സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും. ക്രിസ്തീയ ആത്മീയത കൈയ്യൂക്കിന്റെ ആത്മീയതയല്ല സഹവർത്തിത്തത്തിന്റെ ആത്മീയതയാണ്. സഹവർത്തിത്തത്തിലൂടെ മാത്രമേ വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹത്തിനും നിലനില്പ് സാധ്യമാകൂ എന്ന വസ്തുത വിസ്മരിച്ചുകൂടാ. എന്നാൽ അസമാധാനം വിതയ്ക്കാൻ ചെറിയ തെറ്റിദ്ധാരണകൾക്കോ നുണകൾക്കോ സാധിക്കും.

യേശുക്രിസ്തുവിന്റെ സന്ദേശത്തിലൂടെ ഒരു ബദൽ സംസ്കാരം ആവിഷ്കരിക്കപ്പെടുകയാണ്. തിന്മയുടെ ആത്മാവിനെതിരായുള്ള ഒരു സന്ധിയില്ലാ സമരം - ആർക്കും ആരെയും എന്തും ചെയ്യാം എന്ന നിലയിൽ നിന്നും നാം നമ്മുടെ അയൽക്കാരന്റെ, സഹോദരന്റെ, പരിസ്ഥിതിയുടെ കാവൽക്കാരാണെന്ന ദൈവീക ദർശനത്തിലേക്ക് സമൂഹം മടങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആയതിനാൽ ക്രിസ്തുയേശുവിന്റെ ശിഷ്യരായ നമുക്ക് നന്മയാൽ തിന്മയെ ജയിക്കാം. ♦

---

*(1-ാം പേജിന്റെ തുടർച്ച....(ഫറാക്ക..)*

പ്രതിഷ്ഠാകർമ്മം ഡോ. ഡി. ജെ. അജിത്കുമാർ നിർവ്വഹിച്ചു.

ഈ സഭാഹാളിന്റെ നിർമ്മാണത്തിനായി ഇതുവരെ 2,75,000 രൂപ ചിലവായി. ജി.എം.ഐ. ഓഫീസിൽ നിന്നും 10,000 രൂപയാണ് ഈ നിർമ്മാണ പ്രവർത്തനത്തിനായി നല്കിയത്. ബാക്കി തുക ഇവിടത്തെ വിശ്വാസികൾ തന്നെ സ്വരൂപിക്കുകയായിരുന്നു. ഉദ്ഘാടന ചടങ്ങിൽ ഡോ. ഡി.ജെ. അജിത് കുമാറിനോടൊപ്പം ഭാര്യ മിനി അജിതും സംബന്ധിച്ചു. ഈ ടൗൺഷിപ്പ് നിർമ്മിച്ച് 35 വർഷങ്ങൾക്കു ശേഷമാണ് ഒരു ക്രിസ്തീയ ആലയം ഇവിടെ ഉയർന്നു വന്നത്. ഇരുന്നൂറു പേർക്ക് ഒരുമിച്ചിരുന്ന് ആരാധിക്കാൻ സൗകര്യമുള്ള ഈ സഭാഹാൾ അവിടെയുള്ള ജനങ്ങൾക്ക് അതിശയവും കൗതുകവുമായിത്തീർന്നുകൊണ്ടിരിക്കുകയാണ്. യേശുക്രിസ്തു പ്രഖ്യാപിച്ചതുപോലെ ഇവിടെയുള്ള ദൈവസഭ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമായിത്തീരാൻ ദൈവകരങ്ങളിലേക്ക് വിനയപ്പെടുത്തുന്നു.



***പ്രാർത്ഥനയോടെ പുതിയൊരു കാൽവെയ്പ്:*** *സമർപ്പണത്തിനു മുൻപായി എല്ലാ വിശ്വാസികളും ഒരുമിച്ച് പ്രാർത്ഥിക്കുന്നു*



***ദൈവവചനത്തിനായി കാതോർത്തുകൊണ്ട് :*** *ഡോ. ഡി.ജെ. അജിത്കുമാർ വചനം സംസാരിക്കുന്നു*





*സഹോ. ജി. ആൽബർട്ട്, ബി.എസ്.എഫ് ജവാൻ ശ്രീ. ആൽഫ്രഡ് എന്നിവർ സഭയെ അഭിസംബോധന ചെയ്യുന്നു*





***സഭാഹാളിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച സഭയിലെ ചില അംഗങ്ങൾ :*** *ശ്രീമതി. പ്രമീളാ കുജൂർ, ശ്രീമതി. അഞ്ജലി മുർമും മക്കളും*



# പ്രാർത്ഥനയിൽ പോരാടുക

ഡി.ജെ. അജിത്കുമാർ

**പൗ**ലൊസിനോടൊപ്പമുള്ള എപ്പഫ്രാസ് എന്ന ഒരു കർത്തൃശുശ്രൂഷകൻ പ്രാർത്ഥനയിൽ കൊലൊസ്യ സഭയ്ക്കുവേണ്ടി പോരാടുന്നു എന്ന് പൗലൊസ് എഴുതുന്നു (കൊലൊ. 4:12). പോരാട്ടം എന്നാൽ യുദ്ധമെന്നർത്ഥം. യുദ്ധത്തിൽ ഒരു ശത്രു ഉണ്ട്. ആ ശത്രുവിനെതിരെ പോരാടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. Wrestling എന്നാണ് ഇംഗ്ലീഷിൽ കാണുന്നത്. ഗുസ്തി, മൽപ്പിടുത്തം, ദ്വന്ദയുദ്ധം എന്നൊക്കെ അതിന് അർത്ഥമുണ്ട്. ദൈവത്തോടുള്ള ഒരു തരം മുട്ടിപ്പായ പ്രാർത്ഥനയാണിത്. അതേസമയം പൈശാചിക ശക്തികൾക്കെതിരെയുള്ള ഒരുതരം യുദ്ധവും. പ്രാർത്ഥനയെക്കുറിച്ച് അനേക പുസ്തകങ്ങൾ എഴുതിയ ഇ.എം. ബൗൺസ് ഇതിനെക്കുറിച്ച് ഇങ്ങനെ പറയുന്നു: "പോരാടിയുള്ള പ്രാർത്ഥന ശബ്ദകോലാഹലങ്ങൾ നിറഞ്ഞതോ അക്രമാസക്തമായതോ ആയിരിക്കണമെന്നില്ല. ചിലപ്പോൾ അത് നിശബ്ദവും അതേസമയം നിരാശപ്പെട്ട് നിർത്തിക്കളയാത്തതും അത്യാവശ്യം നിറഞ്ഞതുമാണ്". വെസ്ലി ഡ്യൂവൽ ഇതേതരത്തിലാണ് ഇതിന് നിർവചനം നൽകിയിരിക്കുന്നത്. "പോരാടിയുള്ള പ്രാർത്ഥന ചുറ്റുപാടുമുള്ളവർ അറിയാതെ, ചിലപ്പോൾ കിടക്കയിൽ പോലും, നിശബ്ദമായും ചെയ്യാം. ഇത് ശരീരത്തെ ബാധിക്കുന്നതാണെങ്കിലും നമ്മുടെ ആത്മാവിലാണ് നടക്കുന്നത്".

പോരാടിയുള്ള പ്രാർത്ഥന സാധാരണയുള്ള ഒരു പ്രാർത്ഥനയല്ല. പൈശാചിക ശക്തികളുടെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് അതിനെതിരെ ദൈവത്തോടുള്ള സഹായം അഭ്യർത്ഥിച്ചുകൊണ്ട് അതീവ മുട്ടിപ്പായുള്ള അപേക്ഷയാണ്. ഇവിടെ പൈശാചികശക്തികളുടെ തന്ത്രങ്ങളെയും പ്രവർത്തനശൈലികളെയും പ്രാർത്ഥിക്കുന്നവർ അറിഞ്ഞിരിക്കേണ്ടതാണ്. വേദപുസ്തകം പറയുന്നു: സാത്താന്റെ തന്ത്രങ്ങൾ നിങ്ങൾ അറിയാത്തവരല്ലല്ലോ (2കൊരി. 2:11). പിശാചിന്റെ പലതരം പ്രവർത്തനങ്ങളെക്കുറിച്ച് പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഒരിക്കൽ കർത്താവ് പത്രൊസിനോട് പറയുന്നത് പ്രസ്താവ്യമാണ്: "ശീമോനെ, ശീമോനെ സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റേണ്ടതിന് കല്പന ചോദിച്ചു. ഞാനോ, നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു" (ലൂക്കൊ. 22:31). വിശ്വാസം നഷ്ടപ്പെട്ട് പോകത്തക്കവിധത്തിൽ വിശ്വാസിയെ ശക്തമായി ശല്യപ്പെടുത്തുവാനും പരിശോധിക്കുവാനും പിശാച് ശ്രമിക്കുന്നതായാണ് ഇവിടുന്ന് നാം മനസ്സിലാക്കുന്നത്. സാത്താൻ വെളിച്ചദൂതന്റെ വേഷം ധരിച്ച് വിശ്വാസിയെ വഞ്ചിക്കുന്നത് അവന്റെ മറ്റൊരു തന്ത്രമാണ് (2കൊരി. 11:14). അതുകൊണ്ടാണ് അവൻ അലറുന്ന സിംഹംപോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരിഞ്ഞു ചുറ്റി നടക്കുന്നുവെന്ന് പത്രൊസ് പറയുന്നത് (1പത്രൊ. 5:8,9). സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കാൻ അവിശ്വാസികളുടെ മനസ്സ് അവൻ കുരുടാക്കുന്നു (2കൊരി. 4:4). ദൈവവേലയുടെ വഴിയെ അഥവാ ശുശ്രൂഷകളുടെ മാർഗ്ഗത്തെ വരെ സാത്താൻ തടയുന്നു (1തെസ്സ. 2:18). ഒന്നുരണ്ടു പ്രാവശ്യം പൗലൊസിനെ അപ്രകാരം സാത്താൻ തടഞ്ഞതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ സാത്താൻ പലവിധങ്ങളിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ് "ദുഷ്ടങ്കൽ നിന്ന് വിടുവിക്കണമേ" എന്ന് പ്രാർത്ഥിക്കുവാൻ കർത്താവ് പഠിപ്പിച്ചത്.

> **പോരാടിയുള്ള പ്രാർത്ഥന സാധാരണയുള്ള ഒരു പ്രാർത്ഥനയല്ല. പൈശാചിക ശക്തികളുടെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് അതിനെതിരെ ദൈവത്തോടുള്ള സഹായം അഭ്യർത്ഥിച്ചുകൊണ്ട് അതീവ മുട്ടിപ്പായുള്ള അപേക്ഷയാണ്. ഇവിടെ പൈശാചിക ശക്തികളുടെ തന്ത്രങ്ങളെയും പ്രവർത്തനശൈലികളെയും പ്രാർത്ഥിക്കുന്നവർ അറിഞ്ഞിരിക്കേണ്ടതാണ്. അതേസമയം ദൈവത്തിന്റെ അളവറ്റ കൃപയെയും.**

2005 ൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ സന്ദർശിച്ച് ഒരു പ്രയർറാലി നടത്തുവാൻ ഞങ്ങൾ തീരുമാനിച്ചു. ഓരോ സംസ്ഥാനങ്ങളും സന്ദർശിച്ച് ആ സംസ്ഥാനങ്ങൾക്കുവേണ്ടി കൂട്ടമായി പ്രാർത്ഥിക്കുന്നതാണ് പ്രോഗ്രാം. യാത്രാമദ്ധ്യേ വെസ്റ്റ്ബംഗാളിൽ ഒരു ദിവസത്തെ യോഗം ക്രമീകരിച്ചിരുന്നു. മാൽഡാ ജില്ലയിലെ ഒരു ഗ്രാമത്തിലാണ് ക്രമീകരിക്കപ്പെട്ടിരുന്നത്. പ്രാർത്ഥനയോടെ ഞങ്ങൾ അവിടെ എത്തിച്ചേർന്നു. ഒരു പുരാതന ലൂഥറൻ സഭാഹാൾ അവിടെ ഉണ്ടായിരുന്നു. അതിനടുത്തുള്ള ഒരു മൈതാനത്തിലാണ് പ്രോഗ്രാം. ഏപ്രിൽ മാസമായതിനാൽ നല്ല തെളിഞ്ഞ കാലാവസ്ഥയും. ഗായകസംഘം പാട്ട് ആരംഭിച്ചു. ലൂഥറൻ സഭയുടെ ബിഷപ്പ് ഹൗസിൽ ചായസൽക്കാരം കഴിഞ്ഞ് ഞങ്ങൾ യോഗസ്ഥലത്തേക്ക് പോയി. വൈകുന്നേരം 5.30 മണി. ആ യോഗം നടക്കുന്ന സ്ഥലത്തിന്റെ മുകളിൽ മാത്രം പെട്ടെന്ന് ആകാശം ഇരുണ്ടു. കാർമേഘം കൂടിവന്നു. ചുറ്റുപാടും തെളിഞ്ഞ അന്തരീക്ഷം. ആരും പ്രതീക്ഷിക്കാതെ അവിടെ മാത്രം മഴ പെയ്യാൻ തുടങ്ങി. ജനം വന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. ഇരുന്നൂറോളം പേർ വന്നു കഴിഞ്ഞു. വെസ്റ്റ്ബംഗാളിലെ എന്റെ ആദ്യത്തെ യോഗം. ഗായകസംഘം പാട്ട് നിർത്തിവച്ചു. മഴ ശക്തമായി. മൈക്ക് സിസ്റ്റം നിർത്തി വയ്ക്കേണ്ടി വന്നു. ഇനി എന്ത് ചെയ്യണമെന്നറിയാതെ സംഘാടകർ അങ്ങോട്ടുമിങ്ങോട്ടും ഓടാൻ തുടങ്ങി. തൊട്ടടുത്തുള്ള ലൂഥറൻ സഭയുടെ ഹാളിലേയ്ക്ക് മീറ്റിംഗ് മാറ്റി. സ്ഥലം മാറ്റിവയ്ക്കുന്നതിൽ സംഘാടകർ നന്നേ പരിശ്രമിക്കുന്നുണ്ടായിരുന്നു. എല്ലാവരും ഹാളിൽ വന്നുകൂടി. ചെറിയ ഹാൾ ആയതിനാൽ എല്ലാവരേയും ഉൾക്കൊള്ളാനും കഴിഞ്ഞില്ല. ഒരു മണിക്കൂറോളം കഴിഞ്ഞ് ഗായകസംഘം പിന്നെയും പാട്ട് തുടർന്നു. രണ്ട് പാട്ട് പാടിയതും വൈദ്യുതി പോയി. മൈക്ക് സിസ്റ്റം ക്രമീകരിച്ചവർ ജനറേറ്റർ സ്റ്റാർട്ട് ചെയ്തു. ഒരു പാട്ട് കൂടി പാടി. പെട്ടെന്ന് ജനറേറ്റർ നിലച്ചു. ജനറേറ്ററിൽ നിന്നും പുക പുറത്തേക്ക് വന്നു. ആരോ എന്നോട് പതുക്കെ പറഞ്ഞു ജനറേറ്റർ കത്തി. എനിക്ക് സംഗതികൾ മനസ്സിലായി തുടങ്ങി. ഇത് ഒരു പൈശാചിക ആക്രമണമാണ്. എന്റെ ഉള്ളിൽ ശക്തമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പാട്ടുകാരോട് മൈക്ക് ഇല്ലാതെ കൈയ്യടിച്ചു പാടുവാൻ ഞാൻ അപേക്ഷിച്ചു. അവർ പാട്ട് തുടങ്ങി. വന്നുകൂടിയവർ പള്ളിക്കുള്ളിൽ മെഴുകുതിരികളും വിളക്കുകളും കത്തിച്ചുവച്ച് പ്രകാശം ഉണ്ടാക്കി. പെട്ടെന്ന് ഒരു വലിയ കാറ്റ് അടിച്ചു. ചുഴലിക്കാറ്റുപോലെ. എല്ലാ മെഴുകുതിരികളും വിളക്കുകളും അണഞ്ഞു. മൊബൈൽഫോണുകളുടെ പ്രകാശത്തിൽ ആൾക്കാർ ഇരുന്നു. പാട്ടുകാർ പാട്ട് നിർത്തിവച്ചു. സംഗതികൾ വഷളാകുന്നത് കണ്ടപ്പോൾ തുടർന്നുള്ള ക്രമീകൃത പ്രോഗ്രാമുകളിലേക്ക് പോകാതെ ഞാൻ എഴുന്നേറ്റു. അന്ന് നടക്കാൻ പോകുന്ന പ്രോഗ്രാമിനെക്കുറിച്ച് ഒരു ചെറിയ മുഖവുര നൽകി. പ്രാർത്ഥിച്ച് ആ യോഗം ആരംഭിക്കുവാനായി തുടങ്ങിയപ്പോൾ ഒരു മനുഷ്യന്റെ അലർച്ച കേട്ട് ഞാൻ കണ്ണുതുറന്നു. മുൻപിൽ ഇരിക്കുന്ന 25 വയസ്സോളം പ്രായം തോന്നിക്കുന്ന ഒരു യുവാവ് ഭൂതബാധിതനായി നിലവിളിക്കുന്നു. ശരീരം ഇളകി ആടുന്നു. ഞാൻ പ്രാർത്ഥന അവസാനിപ്പിച്ചു. അടുത്തിരിക്കുന്നവരെല്ലാം എഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും ഓടി. അൽപം കഴിഞ്ഞപ്പോൾ പുറകിൽ നിന്നും മറ്റൊരു ചെറുപ്പക്കാരൻ അലറി വിളിച്ച് മുൻപിലേക്ക് വന്നു. മുൻപിലിരുന്നവനെ അക്രമാസക്തമായി ഉപദ്രവിക്കുവാൻ തുടങ്ങി. അടിയും തൊഴിയും. സാഹചര്യം വളരെ മോശമായി. ഞാൻ സ്റ്റേജിൽ നിന്ന് ഞാൻ തന്നെയറിയാതെ ഇവരുടെ അടുക്കലേക്ക് ചാടി. രണ്ട് കൈകൊണ്ട് രണ്ടുപേരെയും തലയിൽ കൈവച്ച് യേശുവിൻ നാമത്തിൽ അവരിലുള്ള ഭൂതത്തെ ശാസിച്ചു. രണ്ടുപേരും താഴെ വീണു. യോഗം അലങ്കോലമായി. ഒരുവിധം ഞങ്ങൾ തുടർന്നുള്ള ശുശ്രൂഷകൾ നടത്തി പ്രോഗ്രാം അവസാനിപ്പിച്ചു. അപ്പോഴേക്കും രാത്രി ഒമ്പതുമണി കഴിഞ്ഞിരുന്നു. അന്നു രാത്രി ഞങ്ങൾ വളരെ ഭാരത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. വെസ്റ്റ്ബംഗാളിൽ ശക്തമായ ക്രൈസ്തവ യോഗങ്ങൾ നടക്കാറില്ല. വളരെ കുറച്ച് മിഷണറി പ്രവർത്തനങ്ങൾ നടക്കുന്നുവെങ്കിലും ശക്തമല്ല. വൈകൃതമായ വിഗ്രഹാരാധനകളുടെയും അന്ധവിശ്വാസങ്ങളുടെയും രക്തബലിയുടെയും ഒരു സംസ്ഥാനമാണ് വെസ്റ്റ്ബംഗാൾ. ഇന്നും മനുഷ്യൻ മനുഷ്യനെ ചുമക്കുന്ന ഒരുതരം അടിമത്തം പോലെയുള്ള മനുഷ്യറിക്ഷകൾ കൽക്കട്ടാ പട്ടണത്തിൽ കാണാം. ഇന്ത്യയിലെ മനുഷ്യറിക്ഷയുള്ള ഒരേയൊരു സംസ്ഥാനമാണിത്. ദാരിദ്ര്യം കൊടികുത്തി വാഴുന്നു. മനുഷ്യർ എതോ ഒരു മൂഢസ്വർഗ്ഗത്തിൽ ജീവിക്കുന്നതുപോലെ. അന്ന് വെസ്റ്റ്ബംഗാളിനുവേണ്ടി ശക്തമായി പ്രാർത്ഥിച്ചു. ഞാനൊരു തീരുമാനം എടുത്തു ശക്തമായ യോഗങ്ങൾ വെസ്റ്റ്ബംഗാളിൽ ക്രമീകരിക്കുക. ഇവിടത്തെ പൈശാചിക ശക്തികൾ തകരപ്പെടണം. അതിനുവേണ്ടി ആ വർഷം തന്നെ നവംബറിൽ ടെന്റ് മിനിസ്ട്രിയുമായി അവിടേയ്ക്ക് പോയി. രണ്ട് മഹായോഗങ്ങൾ ക്രമീകരിച്ചു. തുടർന്നുള്ള വർഷങ്ങളിൽ പലസ്ഥലങ്ങളിലായി ശക്തമായ സുവിശേഷപ്രസംഗങ്ങൾ നടത്തി. അനേകർ രക്ഷിക്കപ്പെട്ടു. അനേകം മിഷണറിമാരെ ദൈവം വെസ്റ്റ്ബംഗാളിൽ തന്നു. ഇന്ന് വെസ്റ്റ്ബംഗാളിൽ

**ഭാരതം കാത്തിരിക്കുന്നു - 42**

# എലിസബെത്ത് ഫ്രൈ

*സരള ഓസ്റ്റിൻ*

**ഇം**ഗ്ലണ്ടിലെ നോർവിച്ചിൽ സമ്പന്ന വ്യാപാരിയും ബാങ്ക് ഉടമയുമായ ജോൺ ഗർണിയുടെ മകളായി 1780-ലാണ് എലിസബെത്ത് ജനിച്ചത്. എലിസബെത്തിന് 12 വയസ്സുള്ളപ്പോൾ അവരുടെ അമ്മ മരണമടഞ്ഞു. അതോടെ ആ ഭവനത്തിലെ ആത്മീയ നിലവാരവും ഇടിഞ്ഞു. ആത്മീയ താൽപര്യം നഷ്ടപ്പെട്ട എലിസബെത്ത് നൃത്തവും സംഗീതവും അഭ്യസിക്കുവാനാരംഭിച്ചു. പതിനേഴാം വയസിൽ ഉപരിപഠനത്തിനായി ലണ്ടനിലെത്തിയ എലിസബെത്ത് വല്ലപ്പോഴും ആരാധനയിൽ സംബന്ധിക്കുമെന്നതൊഴിച്ചാൽ ആത്മീയ നിലവാരം അധഃപതിച്ച നിലയിലായിരുന്നു.

ഒരിക്കൽ അമേരിക്കൻ സുവിശേഷകനായ സാവരി വില്യംസിന്റെ പ്രസംഗം താൻ കേൾക്കുകയും, ആ വാക്കുകൾ തന്റെ ഹൃദയത്തിൽ ആഴമായി പതിയുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രസംഗം ദൈവസാന്നിദ്ധ്യം അനുഭവിച്ചറിയാൻ അവരെ സഹായിച്ചു. ഒരു ലളിത ജീവിതം നയിക്കുന്നതിന് തന്നെത്താൻ സമർപ്പിച്ചു. ആഡംബരങ്ങൾ ഉപേക്ഷിച്ചു. അനാഥർക്കായി ഒരു സാക്ഷരതാ ക്ലാസും വേദപഠനക്ലാസും അവരുടെ ഭവനത്തിൽ അവർ ആരംഭിച്ചു.

1800-ൽ തന്റെ ഇരുപതാമത്തെ വയസ്സിൽ അവർ വിവാഹിതയായി. ലണ്ടനിലെ ഒരു സുഗന്ധവർഗ്ഗവ്യാപാരിയായ ജോസഫ് ഫ്രൈ ആയിരുന്നു ഭർത്താവ്. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു എലിസബെത്ത്.

1813-ൽ ന്യൂഗേറ്റ് എന്ന സ്ഥലത്തെ തടവറ എലിസബെത്ത് സന്ദർശിച്ചു. തടവുകാരായ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വസ്ത്രങ്ങൾ വിതരണം ചെയ്തു. പിന്നെ ജയിൽ സന്ദർശനം അവർ പതിവാക്കി. പന്ത്രണ്ടു പേരടങ്ങുന്ന ഒരു സംഘം രൂപീകരിച്ച് എല്ലാദിവസവും ഓരോരുത്തർ ജയിലുകൾ സന്ദർശിച്ച് വേദപുസ്തകം വായിച്ചു കേൾപ്പിക്കുകയും നെയ്ത്ത് പഠിപ്പിക്കുകയും ചെയ്തു. ജയിലിനുള്ളിലെ അവസ്ഥ ഭയാനകമായിരുന്നു. മനോരോഗികൾക്കു വേണ്ടി പ്രത്യേക ആശുപത്രികൾ ഇല്ലാത്തതിനാൽ അവരേയും ഇതേ ജയിലിൽ അടയ്ക്കുമായിരുന്നു. സ്ത്രീകളും കുട്ടികളും എല്ലാവരും ഒന്നിച്ച് ഒറ്റത്തടവറയ്ക്കുള്ളിൽ കഴിയുകയായിരുന്നു. ജയിലിനുള്ള മദ്യ വിൽപ്പന വ്യാപകമായിരുന്നു. മൃഗീയ പീഡനത്തിന് തടവുപുള്ളികൾ ഇരയായിരുന്നു. ഭക്ഷണം കഴിക്കുന്നതും മലമൂത്ര വിസർജ്ജനം ചെയ്യുന്നതും ഉറങ്ങുന്നതും എല്ലാം ഒരേ സ്ഥലത്തു തന്നെയായിരുന്നു. 1818-ൽ സ്കോട്ലന്റിലെത്തി അവിടുത്തെ ജയിലുകളുടെ അവസ്ഥയും താൻ മനസ്സിലാക്കി. അന്നത്തെ ഹോം സെക്രട്ടറിയുമായി ജയിൽ നവീകരണത്തെ സംബന്ധിച്ച് ചർച്ച നടത്തി.

1820-ൽ റഷ്യൻ ചക്രവർത്തിനി എലിസബെത്തിനെക്കുറിച്ചു കേൾക്കുകയും അവളുടെ കാരാഗൃഹ പരിഷ്കരണ നടപടികളെക്കുറിച്ച് അന്വേഷിക്കുവാനും പഠിക്കുവാനും താൽപര്യപ്പെടുകയും ചെയ്തു. എലിസബെത്തിന്റെ ആശയങ്ങൾക്കനുസരണമായി റഷ്യൻ കാരാഗൃഹങ്ങൾ നവീകരിക്കുവാനുള്ള ശ്രമങ്ങളും ആരംഭിച്ചു. യൂറോപ്പ് മുഴുവനും എലിസബെത്തിനെക്കുറിച്ച് അറിയുവാൻ തുടങ്ങി. സ്വിറ്റ്സർലന്റ്, ജർമ്മനി, ഫ്രാൻസ്, ബൽജിയം, പ്രഷ്യ തുടങ്ങിയ രാജ്യങ്ങൾ എലിസബെത്ത് മാതൃകയിൽ ജയിലുകൾ പരിഷ്കരിക്കുവാനാരംഭിച്ചു.

തടവുകാർ മനുഷ്യരാണെന്നും മൃഗമെന്ന പരിഗണനയ്ക്കതീതമായി എന്തൊക്കെയോ അവർ അവകാശപ്പെടുവാൻ അർഹമാണെന്നും എലിസബെത്ത് വാദിച്ചു. പരസ്പരബന്ധവും മാനുഷിക പരിഗണനയും മനുഷ്യന് വിലപ്പെട്ടതാണെന്ന് ഭരണാധികാരികൾക്ക് അവർ മനസ്സിലാക്കിക്കൊടുത്തു. വധശിക്ഷയെ അവർ അങ്ങേയറ്റം എതിർത്തു.

1842-ൽ ഇംഗ്ലണ്ടിലായിരുന്നപ്പോൾ രാജാവ് ചില ബഹുമതികൾ നൽകി എലിസബെത്തിനെ ആദരിച്ചു. കുറ്റം ചെയ്യുന്നവർക്ക് ശിക്ഷ നൽകണം, എന്നാൽ ശിക്ഷാരീതി തെറ്റു ചെയ്യുന്നവരെ മടക്കിവരുത്തുന്ന വിധത്തിലായിരിക്കണമെന്ന് അവർ അഭിപ്രായപ്പെട്ടു. യാചകരുടെ ഇടയിലേയ്ക്കും അവരുടെ പ്രവർത്തനം വ്യാപിപ്പിച്ചു. ഭിക്ഷാടകർക്കായി അഭയഗൃഹങ്ങൾ സ്ഥാപിച്ചു. യാചക ദുരിത നിവാരണ സംഘം രൂപീകരിച്ചു.

ജയിലുകളിലും യാചക മന്ദിരങ്ങളിലും യേശുവിന്റെ സുവിശേഷം ഉയർന്നു കേട്ടു. അലഞ്ഞുതിരിയുന്ന കുഞ്ഞുങ്ങൾ, ജയിലുകളിൽ യാതന അനുഭവിക്കുന്നവർ, യാചകർ എന്നിവരുടെ അടുക്കലേക്ക് എലിസബെത്തിന്റെ കാരുണ്യമെത്തി.

വിശ്രമമില്ലാത്ത പ്രവർത്തനം എലിസബെത്തിന്റെ ആരോഗ്യം മോശമാക്കി. ഭവനത്തിൽ താങ്ങാനാവാത്ത ദുരിതങ്ങൾ വന്നുകൂടി. മക്കളും പേരക്കുട്ടികളും തുടർച്ചയായി മരണപ്പെട്ടു. 65-ാം വയസിൽ ശാന്തഗംഭീരമായ ദൈവീകതേജസിനുടമയായ എലിസബെത്ത് ഫ്രൈ താൻ പ്രിയം വച്ച സ്ഥലത്തേയ്ക്ക് യാത്രയായി.

സ്ത്രീ അബലയല്ലെന്നും, സമൂഹത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാനുള്ള കഴിവ് ദൈവം സ്ത്രീകളിലും ഒളിപ്പിച്ചുവച്ചിരിക്കുന്നുയെന്നും നമ്മെ പഠിപ്പിച്ച എലിസബെത്ത് ഫ്രൈയെപ്പോലുള്ള സ്ത്രീരത്നങ്ങൾക്കായി ഭാരതം കാത്തിരിക്കുന്നു. ✷

---

ഡാർജിലിംഗ്, മാൽഡാ, ഇരുപത്തിനാലു പർഗാനാ, സൗത്ത് ദിനാജ്പൂർ തുടങ്ങിയ ജില്ലകളിൽ നമുക്ക് സഭകളുണ്ട്. അനേക ചർച്ച് ഹാളുകൾ പണിയപ്പെടുവാൻ സഹോദരൻ ആൽബർട്ടിലൂടെ ദൈവം സഹായിച്ചു. "ഞങ്ങളുടെ പോരിന്റെ ആയുധങ്ങൾ ജഡീകങ്ങളല്ല കോട്ടകളെ ഇടിക്കുവാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവയാണ്". വെസ്റ്റ്ബംഗാളിൽ ഒരു വലിയ ആത്മീയ ഉണർവ്വിനെ ഞാൻ ദർശനം കാണുന്നു. ദൈവം അതു ചെയ്യുമെന്നും ഞാൻ വിശ്വസിക്കുന്നു.

ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്ന ഒരു മകനെ അവർക്ക് സൗഖ്യമാക്കുവാൻ കഴിയാതെ വന്നപ്പോൾ അവർ കർത്താവിനോട് ചോദിക്കുന്നു ഞങ്ങൾക്ക് അതിനെ പുറത്താക്കുവാൻ കഴിയാത്തത് എന്ത്? കർത്താവ് കൊടുത്ത മറുപടി വ്യക്തമാണ്. "പ്രാർത്ഥനയാലല്ലാതെ ഈ ജാതി ഒന്നിനാലും പുറപ്പെട്ടു പോകയില്ല" (മർ. 9:29). അതുകൊണ്ടാണ് ഉണർന്നിരുന്ന് പ്രാർത്ഥിക്കുവാൻ കർത്താവ് ശിഷ്യൻമാരോട് പറഞ്ഞത് (മർ. 14:38). ഉണർന്നിരുന്ന് പ്രാർത്ഥനയിൽ പോരാടണം. പോരാടിയുള്ള പ്രാർത്ഥന എങ്ങനെയാണെന്ന് നോക്കാം.

1. പോരാടിയുള്ള പ്രാർത്ഥനയിൽ ഉപവസിച്ചുള്ള പ്രാർത്ഥന വളരെ പ്രാധാന്യമർഹിക്കുന്നു.

2. പിശാചിനോട് എതിർത്തു നില്ക്കുവാൻ പറയുന്ന എല്ലാ സ്ഥലങ്ങളിലും താഴ്മപ്പെടാനും ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കുവാനും അപ്പൊസ്തലന്മാർ ആവശ്യപ്പെടുന്നു. അതായത് വിശ്വാസിയുടെ ശക്തികൊണ്ടല്ല ദൈവത്തിന്റെ കൃപയാലാണ് പിശാചിനോട് എതിർക്കുവാനും പ്രാർത്ഥനയിൽ പോരാടുവാനും സാധിക്കുന്നത് (1പത്രൊ. 5:6-10, യാക്കോ. 4:6-8, സങ്കീ. 138:6, സദൃ. 3:34).

3. യേശുക്രിസ്തുവിന്റെ നാമത്താലാണ് സാത്താനോട് എതിർക്കാൻ കഴിയുന്നത്. പോരാടി പ്രാർത്ഥിക്കുമ്പോൾ യേശുവിന്റെ നാമത്തിലുള്ള വിശ്വാസത്താലാണ് (അപ്പൊ. 3:16, മർ. 16:17) പൈശാചിക ശക്തികൾ തകരുന്നതെന്ന് അറിയേണ്ടതാണ്.

4. ആത്മാവിലുള്ള പ്രാർത്ഥന പൈശാചിക ശക്തികളെ തകർക്കാൻ ശക്തി നൽകുന്നതാണ്. ആത്മാവിൽ എപ്പോഴും പ്രാർത്ഥിക്കുക. അത് അന്യഭാഷകളിലെ പ്രാർത്ഥനയാണെന്ന് പൗലൊസ് പറയുന്നു (യൂദാ 20, 1കൊരി. 14:14, എഫെ. 6:18-20).

5. സ്തോത്രം ചെയ്ത് പ്രാർത്ഥിക്കുന്നത് പോരാടിയുള്ള പ്രാർത്ഥനയ്ക്ക് ബലം നൽകുന്നതാണ്. ഒരു വിശ്വാസിയെ നിരാശപ്പെടുത്തുകയാണ് പിശാചിന്റെ ഏറ്റവും വലിയ തന്ത്രം. എന്നാൽ ദൈവം മുൻപ് നടത്തിയ അത്ഭുതവഴികളെ ഓർത്ത് സ്തോത്രം ചെയ്തുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ പിശാച് നിരാശപ്പെട്ട് ഓടിപ്പോകും (ഫിലി. 4:6, റോമ. 8:28). സ്തോത്രത്തോടുള്ള പ്രാർത്ഥന നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യും.

പോരാടി പ്രാർത്ഥിക്കുന്നവരെ അഥവാ പ്രാർത്ഥനയിൽ പോരാടുന്നവരെ ഈ ദിവസങ്ങളിൽ വളരെ ആവശ്യമായിരിക്കുന്നു. പ്രത്യേകിച്ച് ദൈവവേലയിൽ ആയിരിക്കുന്നവർ ഇത് പ്രത്യേകം പരിശീലിക്കേണ്ടതാണ്. 'പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ' എന്ന് ശിഷ്യൻമാർ കർത്താവിനോട് അപേക്ഷിച്ചതുപോലെ ഇത്തരം പ്രാർത്ഥന കർത്താവിൽ നിന്നു തന്നെ ദൈവവേലക്കാർ പഠിക്കേണ്ടതാണ്. എപ്പഫ്രാസിനെപ്പോലെ ജനങ്ങൾക്കുവേണ്ടി, കുടുംബത്തിന് വേണ്ടി, മക്കൾക്കു വേണ്ടി, സഭയ്ക്കു വേണ്ടി, ദൈവവേലക്കാർക്കു വേണ്ടി പോരാടി പ്രാർത്ഥിക്കുന്നവർ ഉണ്ടാകണം. പോരാടി പ്രാർത്ഥിക്കുന്നവർ പിശാചിന്റെ കോട്ടകളെ ഇടിക്കുകയാണ്. അതുകൊണ്ടാണ് നമ്മുടെ പോരിന്റെ ആയുധങ്ങൾ ജഡീകങ്ങളല്ല, കോട്ടകളെ ഇടിക്കുവാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവയാണെന്ന് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് (2കൊരി. 10:4). ഇങ്ങനെയുള്ള ആത്മീയ സത്യങ്ങൾ ആത്മീയർക്കേ മനസ്സിലാവൂ. ഒന്നാംനൂറ്റാണ്ടിലെ സഭ പ്രാർത്ഥിക്കുന്ന സഭയായിരുന്നു. പ്രാർത്ഥിക്കുന്ന ദിവ്യഅനുഭവങ്ങൾ ദൈവം നമുക്കേവർക്കും നൽകട്ടെ. ✷



*രാജൻ ജെ. ആഷെർ*

# സത്യാരാധന

**അ**ർത്ഥം അറിയാതെ അനവസരത്തിലുള്ള ദുരുപയോഗം കൊണ്ട് അർത്ഥവും അന്തസും നഷ്ടപ്പെട്ട പദമാണ് ആരാധന. ദൈവം നമ്മെ സൃഷ്ടിച്ചതും യേശുക്രിസ്തു നമ്മെ വീണ്ടെടുത്തതും നമ്മെ പരിശുദ്ധാത്മാവിൽ നിറച്ചതും നാം ജീവിക്കുന്നതു തന്നെയും ആരാധിക്കാനാണെന്നു ശഠിച്ചുകൊണ്ട് ആരാധനയുടെ പേരിൽ കാട്ടി കൂട്ടുന്ന പേക്കൂത്തുകൾ സാമാന്യബുദ്ധിയെപ്പോലും പരിഹസിക്കും വിധം അപഹാസ്യമാണ്.

ആരാധിച്ചാൽ വിടുതലും ബലവും കിട്ടുമെന്ന് ഇവർ പറയുന്നു. ആരാധനയ്ക്കു വിരോധമായി ഉയരുന്ന ശക്തികളെ ബന്ധിച്ചുകൊണ്ട് ആരാധനാന്തരീക്ഷം സൃഷ്ടിച്ചു തേജസിന്റെ ആരാധന വെളിപ്പെടുത്താൻ തത്രപ്പെടുന്ന ഇക്കൂട്ടർ എന്താണാരാധന എന്നു ഗ്രഹിച്ചെങ്കിൽ എത്ര നന്നായിരുന്നു!

**ആരാധന ആത്മാവിലും സത്യത്തിലും**

നാം സ്ഥിരം കേൾക്കുന്ന ഒരു പല്ലവിയാണ് ആത്മാവിലും സത്യത്തിലുമുള്ള ആരാധന. പരിശുദ്ധാത്മാവ് ആണു നമ്മെ ആരാധിപ്പിക്കുന്നത് എന്ന് പറഞ്ഞു കൊണ്ട് അവ ശബ്ദങ്ങൾ അത്യുച്ചത്തിൽ അതി ശക്തിയോടെ പുറപ്പെടുവിക്കുന്നതും തുള്ളിച്ചാടുന്നതുമാണ് ആരാധന എന്നവർ പ്രചരിപ്പിക്കുന്നു. അങ്ങനെ ചെയ്യാത്തവരുടേത് ആരാധനയല്ല എന്നിവർ പ്രമാണത്തിന്റെ പരിവേഷത്തോടെ വിളമ്പുന്നു. യേശുക്രിസ്തുവിന്റെ ആ പ്രസ്താവനയുടെ അർത്ഥം ഗ്രഹിക്കാതെയോ, വിശ്വാസികളെ വഴിതെറ്റിക്കാനുള്ള കുതന്ത്രമായോ ആണ് ഈ ഗീർവാണം.

**യേശു എന്താണു പറഞ്ഞത്?**

“സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. ദൈവം ആത്മാവാകുന്നു, ദൈവത്തെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം” (യോഹ. 4:23,24).

**നമസ്കാരമോ ആരാധനയോ?**

ആരാധനയെന്നും നമസ്കാരം എന്നും തർജ്ജിമ ചെയ്തിട്ടുള്ള എബ്രായപദം SHACHAH ആണ്. Worship എന്ന് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിട്ടുള്ള ഈ പദത്തിന് to depress, to bow oneself down to God, to prostrate oneself in homage, to make obeisance താഴ്ത്തുക, ആദരം അർപ്പിക്കാനോ പ്രണമിക്കാനോ, ബഹുമാനപ്രകടനമായോ കുമ്പിടുക, സാഷ്ടാംഗ പ്രണാമം ചെയ്യുക, വണങ്ങുക, കുനിയുക, മുട്ടുകുത്തി മുഖം നിലത്തുമുട്ടിച്ചു നമിക്കുക എന്നൊക്കെയാണർത്ഥം. Proskuneo എന്ന യവന പദത്തിന്റെ അർത്ഥവും ഇവ തന്നെ (വിളിച്ചപേക്ഷിച്ച, പ്രാർത്ഥിച്ചു എന്നൊക്കെ അർത്ഥമുള്ള (QARA) എന്ന എബ്രായ വാക്കും ആരാധന എന്നാണു മലയാളത്തിൽ വിവർത്തനം ചെയ്തിട്ടുള്ളത് (ഉല്പ. 13:14). ആരാധനയും നമസ്കാരവും യാഗവും ശുശ്രൂഷയും മാറി മാറി മലയാളത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

അബ്രഹാം യിസഹാക്കിനെ യാഗം കഴിക്കാൻ മലയിലേക്കു കയറുമ്പോൾ പറയുന്നത് ആരാധന കഴിച്ചു മടങ്ങിവരും (ഉല്പ. 22:5) എന്നാണ്. ഇവിടെയും ആരാധന എന്നതിനു SHACHAH ആണ് ഉപയോഗിച്ചിരിക്കുന്നത്.

ഹനനയാഗത്തിലും ഹോമയാഗത്തിലും അവിടുത്തേക്കു പ്രസാദമില്ല ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്. തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കയില്ല. (സങ്കീ. 51:16,17) എന്നീ വചനങ്ങൾ അസത്യമാണു വെളിപ്പെടുത്തുന്നത്. ആരാധന പൂർണ്ണവിനയത്തോടെ ദൈവമുമ്പാകെ തങ്ങളെത്തന്നെ താഴ്ത്തുന്നതാണ് എന്നു സാരം.

പുതിയനിയമത്തിൽ അധികവും ആരാധന എന്നു തർജ്ജിമ ചെയ്തിരിക്കുന്നത് സേവിക്കുക എന്നർത്ഥമുള്ള LATREUO എന്ന യവന പദമാണ്. യേശുക്രിസ്തു പിശാചിനെ എതിരിടുമ്പോൾ (മത്താ. 4:10) ഉപയോഗിച്ചതും LATREUO (ദൈവിക സേവനം) തന്നെ. യോഹന്നാൻ 16:2, റോമ 9:4, 12:1, എബ്രാ. 9:1,6 എന്നിവിടങ്ങളിലെ LATREIA ലേവ്യയാഗങ്ങളെയാണു സൂചിപ്പിക്കുന്നത്. യാഗമൃഗത്തെ അറുത്ത് രക്തം ഊറ്റി ദഹിപ്പിക്കുക എന്നതു തന്നെയാണിവിടങ്ങളിലെ വിവക്ഷ. യോഹ. 16:2 ൽ യേശു ശിഷ്യന്മാരോടു പറയുന്നത്, “അവർ നിങ്ങളെ പള്ളി ഭ്രഷ്ടരാക്കുക മാത്രമല്ല, നിങ്ങളെ കൊല്ലുന്നവർ ദൈവത്തിനു വഴിപാട് (LATREIA) കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു എന്നാണ്

“അവർ യിസ്രായേല്യർ; പുത്രത്വവും തേജസും നിയമങ്ങളും ന്യായപ്രമാണവും ആരാധന (LATREIA) യും വാഗ്ദത്തങ്ങളും അവർക്കുള്ളവ” (റോമ. 9:4).

“എന്നാൽ ആദ്യനിയമത്തിനും ആരാധന (LATREIA) യ്ക്കുള്ള ചട്ടങ്ങളും ലൗകികമായ വിശുദ്ധ മന്ദിരവും ഉണ്ടായിരുന്നു.... പുരോഹിതന്മാർ നിത്യം കൂടാരങ്ങളിൽ ചെന്നു ശുശ്രൂഷ LATREIA കഴിക്കും” (എബ്രാ. 9:1,6) എബ്രാ. 8:5, 9:9, 10:2 എന്നിവയും നോക്കുക.

മുകളിൽ പറഞ്ഞ രണ്ട് ആശയങ്ങളും ഒരുമിപ്പിച്ച് പൗലൊസ് ബുദ്ധിയുള്ള അരാധന LATREIA എന്താണെന്നു വിശദമാക്കുന്നുണ്ട്. “നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ” (റോമ. 12:1). ആ ലേവ്യയാഗത്തിലെ യാഗ മൃഗത്തെപ്പോലെ സമൂലം വെന്തു വെണ്ണീറാകാൻ ഏല്പിച്ചു കൊടുക്കുന്നതാണ് ആരാധന. സൗരഭ്യവാസനയായ ദഹനയാഗം - പ്രസാദമുള്ള യാഗം.

മറ്റൊരിടത്തു പൗലൊസ് പറയുന്നു: “അവിടുത്തെ പുത്രനെക്കുറിച്ചുള്ള സുവിശേഷ ഘോഷണത്തിൽ ഞാൻ എന്റെ ആത്മാവിൽ ആരാധിക്കുന്ന (Serve) ദൈവം എനിക്കു സാക്ഷി” (റോമ. 1:10). സുവിശേഷഘോഷണമാണ് ആരാധന. ഇന്നത്തെ ആരാധകർക്കിതു മനസിലാവുമോ? ആവോ? ബലഹീനവും ബുദ്ധിഹീനവുമായ ക്രൂശിന്റെ വചനം പ്രസംഗിക്കാൻ ക്രിസ്തു നിമിത്തം ഭോഷന്മാരാകുവോളം തങ്ങളെത്തന്നെ താഴ്ത്തി ദൈവസന്നിധിയിൽ സമർപ്പിക്കുന്നതാണ് ആരാധന.

**ദൈവം ആത്മാവാണ്**

ശമര്യാക്കാരിയോടു യേശു പറഞ്ഞ മറ്റൊരു പ്രധാനകാര്യം ദൈവത്തെക്കുറിച്ചാണ്. നാം നമസ്കരിക്കുന്ന ദൈവം ആത്മാവാണ്. ദൈവം നമ്മുടെ പിതാവാണ്. ദൈവത്തിന്റെ സ്വരൂപത്തിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുകൊണ്ട്, പങ്കിലമായ മനുഷ്യ രൂപവും സാദൃശ്യവുമാണ് ദൈവത്തിനെന്ന് തെറ്റായ ചിന്ത മനുഷ്യനിൽ കടന്നു കൂടിയിട്ടുണ്ട്.

ആരാധനക്കൊതിയന്മാരായ മനുഷ്യർ, ശിങ്കിടികളെയും സ്തുതിപാഠകരെയും, ചിലപ്പോൾ ഗുണ്ടകളെപ്പോലും, തീറ്റിപ്പോറ്റി തങ്ങളുടെ അപദാനങ്ങൾ വാഴ്ത്തുന്നതു കേട്ടു, കാതും കരളും, കുളിരണിഞ്ഞ് ആശ്രിതവത്സലന്മാരായി വിരാചിക്കുന്നു. സ്തുതിപാഠകന്മാർക്കു സ്ഥാനങ്ങളും മാനങ്ങളും സ്ഥലംമാറ്റങ്ങളും നൽകുന്നു.

അവരുടെ പേരിനു മുമ്പിലുള്ള വിശേഷണങ്ങൾക്കു ശോഷണമുണ്ടായാൽ, നോട്ടീസിൽ പേരു താഴെയായിപ്പോയാൽ, ആദ്യം പ്രസംഗിക്കേണ്ടി വന്നാൽ ആഡിയൻസ് കുറഞ്ഞുപോയാൽ അപ്പോൾ കാണാം പുകില്. അവർ അക്ഷയനായ ദൈവത്തിന്റെ തേജസിനെ ക്ഷയമുള്ള മനുഷ്യന്റെ രൂപസാദൃശമായി മാറ്റിക്കളഞ്ഞു (റോമ. 1:23).

സ്തുതി പാഠകരുടെ പൊള്ളവാക്കുകളിൽ വീണുപോകുന്ന അവർ ദൈവവും അങ്ങനെതന്നെയെന്നു ചിന്തിക്കുന്നു, പ്രചരിപ്പിക്കുന്നു. സത്യനമസ്കാരികൾ വഴി തെറ്റുന്നതിവിടെയാണ്. ആവർ ആദ്യം ചെയ്യേണ്ടത് ആത്മാവായ ദൈവത്തെ അറിയാൻ ഉത്സാഹിക്കുക” (ഹോശേ. 6:3) ആണ്.

**ആരാധന ആത്മാവിൽ**

മനുഷ്യന്റെ മുഖ്യഘടകം ആത്മാവാണ്. അവനു പ്രാണനും ശരീരവും കൂടെയുണ്ട് (1തെസ്സ. 5:23). മനുഷ്യന്റെ ആത്മാവ് നിത്യമാണ്. നിത്യനായ ദൈവത്തിൽനിന്നു വന്നതും തിരികെ ദൈവത്തിലേക്കു പോകേണ്ടതുമാണ്. ആത്മാവായ ദൈവം സംവാദിക്കുന്നത് മനുഷ്യന്റെ ആത്മാവിനോടാണ്. “തിന്നുന്ന നാളിൽ നീ മരിക്കും” (ഉല്പ. 2:17).

*(ശേഷം 8-ാം പേജിൽ)*

**മനുഷ്യനെ ആരാധിപ്പിക്കാനല്ല പരിശുദ്ധാത്മാവ് വരുന്നത് എന്ന് യേശു നടത്തിയ പരിശുദ്ധാത്മാവ് സംബന്ധിയായ ദീർഘ (യോഹ. 14,16 അദ്ധ്യായങ്ങൾ) പ്രഭാഷണം വ്യക്തമാക്കുന്നില്ലേ? പരിശുദ്ധാത്മാവ് നാം ദൈവമക്കളാണെന്ന പുത്രത്വത്തിന്റെ സാക്ഷി നമ്മുടെ ആത്മാവോടു (റോമ. 8:16) പറയുന്നു നമുക്ക് വേണ്ടുംപോലെ പ്രാർത്ഥിക്കാൻ അറിഞ്ഞുകൂടാത്തതുകൊണ്ട് പരിശുദ്ധാത്മാവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. (റോമ.8:26). അല്ലാതെ ആത്മാവ് നമ്മെ ബലം പ്രയോഗിച്ചു കീഴ്പ്പെടുത്തി ആരാധിപ്പിക്കും എന്നില്ല. ആത്മാവ് നമുക്കുവേണ്ടി ആരാധിക്കയുമില്ല. അതു യോഗ്യമല്ല: പ്രത്യേകിച്ചും പരിശുദ്ധാത്മാവ് തന്നെ ദൈവമായിരിക്കെ ഒട്ടും യോഗ്യമല്ല.**



# നിശബ്ദത

റവ. എ. ജ്ഞാനദാസൻ

റവ. എ. ജ്ഞാനദാസൻ മണിവിള, പരശുവയ്ക്കൽ സ്വദേശിയാണ്. അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്നും എം.എയും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് BD, MTh ബിരുദങ്ങളും കരസ്ഥമാക്കി. ഇ.സി.ഐ സഭയുടെ ഒരു പ്രസ്ബിറ്ററായി ദീർഘകാലം സേവനമനുഷ്ഠിച്ചു. മദ്രാസ് തിയോളജിക്കൽ സെമിനാരിയിൽ 15 വർഷം രജിസ്ട്രാറും പുതിയനിയമ അദ്ധ്യാപകനും സതേൺ ഏഷ്യ ക്രിസ്ത്യൻ കോളേജ്, ചെന്നൈയിൽ 15 വർഷം പുതിയ നിയമ അദ്ധ്യാപകനായും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ സാൻലിബായി കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു. ഒരു മകനും രണ്ട് പെൺമക്കളും നാല് കൊച്ചുമക്കളെയും നല്കി ദൈവം അനുഗ്രഹിച്ചിരിക്കുന്നു. ഇപ്പോൾ ഇദ്ദേഹം കാട്ടാക്കടയിലെ ക്രിസ്തുകൃപ ആശ്രമത്തിൽ ആത്മീയ ആചാര്യയായും വേദാദ്ധ്യാപകനായും ശുശ്രൂഷ ചെയ്യുന്നു.

**1974**-ാം ആണ്ട് കൊൽക്കത്തയിലെ ബിഷപ്സ് കോളേജിൽ ബി.ഡിക്കു പഠിക്കാൻ ചേർന്ന കാലം. അവിടത്തെ ഡെൽഹൗസിസ്ക്വയറിലെ ഒരു പള്ളിയിൽ തമിഴ് ആരാധന നടക്കുന്നതറിഞ്ഞ് പങ്കെടുക്കാൻ ചെന്നു. കൊൽക്കത്തയിലെ ആദ്യ അനുഭവമാണിത്. പള്ളിയ്ക്കു മുമ്പിൽ ആളുകളെയും വലിച്ചുകൊണ്ടുപോകുന്ന ചില റിക്ഷാവണ്ടികളും അർത്ഥനഗ്നരായ മെലിഞ്ഞ ചില മനുഷ്യരും നില്പുണ്ടായിരുന്നു. ഞാൻ പോയപ്പോൾ ആരാധന തുടങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ അതു ബംഗാളി ഭാഷയായതുകൊണ്ട് എനിക്ക് അറിയാവുന്ന ഹിന്ദിയിൽ ഒരു റിക്ഷാക്കാരനോട് ഈ പ്രാർത്ഥന എപ്പോൾ തീരും എന്നു ഞാൻ ചോദിച്ചു. അവന്റെ മറുപടി ഇതായിരുന്നു. "ഇവർ മൂന്നു പ്രാവശ്യം എല്ലാവരും ഒരുമിച്ച് ഒച്ച വയ്ക്കും മൂന്നാമത്തെ പ്രാവശ്യം ശബ്ദം ഉയർത്തി ബഹളം വച്ച ശേഷം എല്ലാവരും പുറത്തിറങ്ങി വരും. പിന്നെ ആരെങ്കിലും സവാരിക്ക് എന്റെ വണ്ടിയിൽ കയറും ഞാൻ ഇവിടെ കാണുകയില്ല" . ആ മനുഷ്യന്റെ വാക്കുകളിൽ നിന്നും സത്യം എന്താണെന്ന് എനിക്കു മനസ്സിലായി. ഈ ആരാധനയിൽ മൂന്ന് പാട്ടുകൾ പാടും അവസാനത്തെ പാട്ടിനുശേഷം ആരാധന തീർന്നു പുറത്തുവരും.

ക്രിസ്തീയ ആരാധനകളും ക്രിസ്ത്യാനികൾ കൂടുന്ന മറ്റ് യോഗങ്ങളും ശബ്ദമുഖരിതമാണ്. അധികം ഒച്ച ഉയർത്തികൊണ്ട് കീറികാറുന്ന പ്രസംഗകൻ ഏറ്റവും വലിയ പ്രസംഗകനാണ്, ഭക്തനാണ്. എന്നാൽ സത്യവേദപുസ്തകത്തിൽ പല സ്ഥലങ്ങളിലും "മിണ്ടാതിരിക്കുക" അല്ലെങ്കിൽ " നിശബ്ദത, മൗനം" എന്നീ അർത്ഥം വരുന്ന വാക്കുകളും ആശയങ്ങളും നാം കാണുന്നുണ്ട്. ഈ "നിശബ്ദത" അല്ലെങ്കിൽ "മൗനത്തിൽ" കൂടി നമുക്ക് ദൈവത്തെയും ദൈവസാനിധ്യത്തെയും ഉണരാൻ കഴിയും എന്നുള്ളതിനു തെളിവാണ് ഇന്ത്യയിലെ ആശ്രമപ്രസ്ഥാനവും സന്യാസജീവിതവും.

ശബ്ദമലിനീകരണത്തിന്റെ മൂർദ്ധാവിൽ എത്തിയിരിക്കുന്ന നമുക്ക് സത്യവേദപുസ്തകം നല്കുന്ന ഒരു വാർത്തയാണ് മൗനം. ശരീരവും മനസ്സും ആത്മാവും ഏകീകൃതമാകാൻ ഏറ്റവും ഉത്തമമായ വഴിയാണ് മൗനം. ഇത് അലസതയുടെയോ നിഷ്ക്രിയതയുടേയോ അടയാളമല്ല. പ്രത്യുത ക്രിയാത്മകയുടെ പരമകോടിയിൽ എത്താനുള്ള ഊർജ്ജം സംഭരിക്കുന്ന അഭ്യാസമാണ് മൗനം.

ഉല്പത്തി. 1 : 1ൽ "വെള്ളത്തിന്റെ മീതെ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചുകൊണ്ടിരുന്നു" എന്നു കാണുന്നു. സൃഷ്ടിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് ദൈവാത്മാവ് "പരിവർത്തനം" എന്ന് പറയുന്നു ആന്തരീകവും ശക്തി സംഭരണീയവുമായ മാറ്റങ്ങളെ ഉൾകൊള്ളാൻ തയ്യാറെടുക്കുന്നതായി നമുക്കു കാണാം. ഇവിടെ മുട്ടയുടെ മുകളിൽ അത് വിരിയാൻ വേണ്ടി അടകാത്ത്, ചിറകുകൾക്ക് അടിയിൽ മുട്ടയെ സൂക്ഷിച്ച് ചൂടുനല്കി മുട്ടയ്ക്കുള്ളിൽ രൂപാന്തരത്വം ഏർപ്പെടുത്തുന്ന ഒരു പക്ഷിയുടെ ചിത്രം ഒരു പക്ഷേ നമ്മുടെ മനസ്സിൽ കടന്നുവന്നേക്കാം. ശബ്ദമില്ലാത്ത ശാന്തമായ സൗമ്യമായ ബന്ധങ്ങളാണ് ഇന്ന് ആവശ്യം. വാക്കുകളുടെ യുദ്ധമല്ല ശക്തിയുടെ ഉറവ ശാന്തിയാണെന്ന കാഴ്ചപ്പാട് നമുക്ക് ഉണ്ടാകേണ്ടതാണ്.

സങ്കീർത്തനങ്ങളിൽ ചില ഭാഗങ്ങളിൽ " Be still and know that I am God" എന്നു നാം കാണുന്നു. ദൈവത്തെ അറിയുന്ന ജ്ഞാനം മൗനത്തിൽ നിന്നും ശാന്തതയിൽ നിന്നും ഉണ്ടാകേണ്ടതാണ്. ഒരു ഋഷിവര്യന്റെ അടുക്കൽ പോയ ഒരു ചെറുപ്പക്കാരൻ "എനിക്കു ദൈവത്തെക്കുറിച്ച് അറിയണം" എന്നു പറഞ്ഞു. ഗുരുവിനെ പല പ്രാവശ്യം ശല്യം ചെയ്തപ്പോൾ അതുവരെയും സംസാരിക്കാതെ ശാന്തമായിരുന്ന ഗുരു "മിണ്ടാതെയിരുന്ന് ദൈവത്തെ അറിഞ്ഞുകൊള്ളുക" എന്നാണ് മറുപടി പറഞ്ഞത്. ഇത് ഒരു മഹത്തായ അനുഭവമാണ്. മറ്റു പലരും പറയുന്ന വാക്കുകളുടെ അർത്ഥം മനസ്സിലാക്കാതെ, അപാകത ഉണരാതെ അവയെല്ലാം യാഥാർത്ഥ്യമാണെന്ന തെറ്റായ ചിന്തയാണ് നമ്മിൽ പലപ്പോഴും ഉള്ളത്. സത്യം ഏത് മിഥ്യ ഏത് എന്ന് നാം മനസ്സിലാക്കാൻ ശ്രമിക്കാതെ ഒരു വ്യക്തി ഉച്ചരിക്കുന്നതും നമ്മുടെ ശ്രവണ പഥങ്ങളിൽ എത്തുന്നതുമായ വാക്കുകളാണ് "സത്യം" എന്ന ധാരണ നമ്മെ പലപ്പോഴും തെറ്റായ വഴികളിൽ സഞ്ചരിക്കാൻ പ്രേരിപ്പിക്കും. പക്ഷേ സത്യം എത്രയോ ദൂരെ ആയിരിക്കും. എന്നാൽ മൗനം എന്ന പ്രക്രിയയിലൂടെ സത്യദർശനത്തിനുള്ള വഴിയാണ് നാം കാണുന്നത്.

(..തുടരും)

## ജ്വരം സൗഖ്യമായി



നേപ്പാളിലെ രത്തൻ ഗഞ്ച് ഗ്രാമത്തിലെ റീന എന്ന വ്യക്തി ദീർഘനാളുകൾ കഠിനമായ പനിയാൽ കഷ്ടപ്പെടുകയായിരുന്നു. മരുന്നു കഴിച്ചിട്ടും യാതൊരു കുറവും അനുഭവപ്പെട്ടില്ല. ഈ ഗ്രാമത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജി.എം.ഐ മിഷണറി സഹോദരൻ കർണാബഹദൂറിനെ ഈ ഭവനത്തിലേക്ക് ക്ഷണിച്ചു. സഹോദരൻ ആ കുടുംബത്തോട് സുവിശേഷം പങ്കുവച്ചു. സുവിശേഷത്തിൽ വിശ്വസിച്ച റീനയ്ക്കു വേണ്ടി സഹോദരൻ പ്രാർത്ഥിച്ച നിമിഷം തന്നെ ദൈവം അത്ഭുതം പ്രവർത്തിച്ചു. പൂർണ്ണസൗഖ്യം ലഭിച്ച റീനയുടെ കൂടെ ഇപ്പോൾ ആ ഭവനത്തിൽ നിന്നും നാലുപേർ കൂടെ പ്രാർത്ഥനാ കൂട്ടായ്മയിൽ സംബന്ധിക്കുന്നു.

## അപസ്മാരം സൗഖ്യമായി



ചിമ്മിനി ഗ്രാമത്തിലെ ഡിമൽചന്ദ് എന്ന വ്യക്തി അപസ്മാരം ബാധിച്ച് കൈകാലുകൾ തളർന്ന അവസ്ഥയിലായിരുന്നു. വിവിധ ചികിത്സകൾ ചെയ്തെങ്കിലും യാതൊരു കുറവുമുണ്ടായില്ല. ഇവിടെ പ്രവർത്തിക്കുന്ന ജി.എം.ഐ മിഷണറി സഹോദരൻ രാംകൃഷ്ണ ഗോംഗെ ഈ ഭവനം സന്ദർശിച്ചു യേശുവിനെ കുറിച്ചും സൗഖ്യമാക്കുന്ന ദൈവശക്തിയെക്കുറിച്ചും പറഞ്ഞു. ഡിമൽചന്ദ് യേശുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി ജീവിതത്തിൽ അംഗീകരിച്ചു. സഹോദരൻ ഡിമൽചന്ദിനായി പ്രാർത്ഥിച്ചു. പ്രാർത്ഥിച്ച നിമിഷം തന്നെ ദൈവം പരിപൂർണ്ണസൗഖ്യം നൽകി. തളർന്നിരിക്കുന്ന കൈകാലുകൾക്ക് ബലം ലഭിക്കുക മാത്രമല്ല അപസ്മാരത്തിൽ നിന്നും പൂർണ്ണമായ മോചനം ലഭിച്ചു. ഇപ്പോൾ ഡിമൽചന്ദ് യേശുവിന്റെ ഉത്തമസാക്ഷിയായി ജീവിക്കുന്നു.

# ഹഫാമിലൂടെ സന്ധാരണം ചെയ്യപ്പെടുന്ന നിർദ്ധന കുടുംബങ്ങളെ പരിചയപ്പെടുക

*“എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരാളിനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു” എന്നരുളിയ ക്രിസ്തുവിന്റെ വചനത്തെ ശിരസ്സാ വഹിച്ചു കൊണ്ട് അത് അന്വർത്ഥമാക്കുവാനായി ജി.എം.ഐയുടെ ഹാപ്പി ഫാമിലി മിഷൻ (ഹഫാം) അഥവാ സന്തുഷ്ട കുടുംബ പദ്ധതി പ്രവർത്തിക്കുന്നു. ഇതുവരെ ഹഫാമിലൂടെ നിരാശയുടെ കരകേറാ കയത്തിൽ നിന്നും, പ്രത്യാശയുടെ സന്തോഷ തീരത്തേയ്ക്ക് പിടിച്ചുയർത്തപ്പെട്ടവരിൽ, ആത്മഹത്യയ്ക്ക് ശ്രമിച്ചവർ, കൊടും പീഡനങ്ങളിൽപ്പെട്ട് ജീവിതം തകർന്നു പോയവർ തുടങ്ങി ദാരിദ്ര്യം നിമിത്തം സ്വന്തം കുഞ്ഞിനെ വിൽക്കുവാൻ ശ്രമിച്ചവർ വരെ ഉണ്ട്. ദൈനംദിന ജീവിതത്തിന് നിർവ്വാഹമില്ലാതെ വലയുന്ന, ഗൃഹനാഥൻ മരിച്ചു പോയതോ, രോഗിയായിരിക്കുന്നതോ ആയ ദരിദ്ര കുടുംബത്തെ വ്യക്തമായ സർവ്വേകളിലൂടെ കണ്ടെത്തുകയും തുടർന്ന് അവരെ സഹായിക്കുവാൻ ശേഷിയും സന്മനസ്സുമുള്ള ഒരു സന്തുഷ്ട കുടുംബത്തെ കൊണ്ട് സന്ധാരണം ചെയ്ത്, പ്രതിമാസം ഭക്ഷണത്തിന് ആവശ്യമായ സാധനങ്ങൾ എത്തിച്ചു കൊടുത്ത് അവരെയും ഒരു സന്തുഷ്ട കുടുംബമാക്കി തീർക്കുന്ന ഈ മഹനീയ പദ്ധതിയിലൂടെ പ്രത്യാശയുടെ തീരത്തേക്ക് നയിക്കപ്പെട്ട എളിയവരെ പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിലൂടെ ചെയ്യുന്നത്. ഇപ്രകാരം അഞ്ഞൂറ്റിഇരുപത്തിയെട്ട് കുടുംബങ്ങൾ ഇപ്പോൾ സന്ധാരണം ചെയ്യപ്പെടുന്നു.*

ഓമന (63) ഭർത്താവ് ദാമോദരൻ (75) മകൻ റോബിൻ രാജ് (33) എന്നിവർ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ ആര്യംകോട് പഞ്ചായത്തിൽ 3-ാം വാർഡിൽ പള്ളിക്കൽ പ്രസന്നവിലാസം വീട്ടിൽ താമസിക്കുന്നു. ദാമോദരൻ വൃക്ക തകരാറിലായതിനാൽ യാതൊരു ജോലിയും ചെയ്യാൻ സാധിക്കാതെ വിശ്രമിക്കുകയാണ്. റോബിൻ രാജ് മുപ്പതുവർഷമായി കിടപ്പിലാണ്. പ്രാഥമികകൃത്യങ്ങൾ നിർവ്വഹിക്കുന്നതിനു പോലും പരസഹായം ആവശ്യമാണ് കൂടാതെ അപസ്മാരവും ഉണ്ട്. മരുന്നിനു മാത്രം വലിയൊരു തുക ചിലവാകും. ഓമന ഇരുവരെയും ശുശ്രൂഷിക്കുന്നു മാത്രമല്ല ജോലി ചെയ്യാനുള്ള ആരോഗ്യവുമില്ല. മൂന്ന് മുറികളുള്ള ഓടുമേഞ്ഞ ഒരു പഴയ വീട്ടിൽ സൗജന്യമായി താമസിക്കുന്നു. കണ്ണുനീരിലും രോഗത്തിലും കഴിഞ്ഞിരുന്ന ഈ കുടുംബത്തിന് ഒരു അനുഗ്രഹമായിത്തീരാൻ ഹഫാമിലൂടെ സാധിച്ചു വരുന്നു.

നിരാശയിലും രോഗത്തിലും ദാരിദ്ര്യത്തിലും കഴിഞ്ഞിരുന്ന ഈ കുടുംബത്തെ സന്തുഷ്ടകുടുംബ പദ്ധതിയിലൂടെ സന്ധാരണം ചെയ്തുകൊണ്ടിരിക്കുന്നത് ശ്രീ. അനിൽകുമാർ, ദീപാ ഫാംസ്, തിരുവനന്തപുരം ആണ്.



## ഫറാക്കയിലെ കൂട്ടായ്മയിലെ ചില അംഗങ്ങൾ



*ശ്രീ. എൽ.ജെ. ജോസഫും കുടുംബവും : എൻ.റ്റി.പി.സിയിലെ ഒരു എഞ്ചിനീയറും സഭയിലെ ഖജാൻജിയുമാണ്. കൂടാതെ സഭാഹാൾ നിർമ്മാണത്തിന് മുൻകൈയെടുത്ത് പ്രവർത്തിച്ച ഒരു വ്യക്തി കൂടെയാണ്*



*സഭയിലെ ഒരു കമ്മറ്റിയംഗമായ ശ്രീ. ദീപക്കും കുടുംബവും ഡോ. ഡി.ജെ. അജിത്കുമാറിനും ഭാര്യ മിനി അജിത്തിനുമൊപ്പം*



*സഭയിലെ പ്രാർത്ഥനാ പങ്കാളികൾ*



*ഇവിടെയുള്ള പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ച ശ്രീ. ഏലിയാസ് ഹെർമമും ഭാര്യയും*

## ഗ്രാമങ്ങളിൽ സഭാഹാളുകൾ ഉണ്ടാകുവാൻ പ്രാർത്ഥിക്കുമോ?



ജി.എം.ഐയുടെ മിഷൻ സ്റ്റേഷനുകളുള്ള ഗ്രാമങ്ങളിൽ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് വിശ്വാസത്തിലേക്ക് വരുന്നവർക്ക് ദൈവത്തെ ആരാധിക്കുവാനും കൂട്ടായ്മയ്ക്കായും സഭാഹാളുകൾ പണിയേണ്ടത് അത്യാവശ്യമായിരിക്കുന്നു. 16 സംസ്ഥാനങ്ങളിലും, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നീ അയൽരാജ്യങ്ങളിലും ജി.എം.ഐ മിഷണറിമാർ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥലങ്ങളിൽ ഗ്രാമീണരീതിയിലുള്ള സഭാഹാളുകൾ ഉണ്ടാകുവാൻ പ്രാർത്ഥിക്കാം. ചില സ്ഥലങ്ങളിൽ ക്രിസ്തീയ ചർച്ചിന്റെ മാതൃകയിൽ പണിയുവാൻ അനുമതി നിഷേധിക്കപ്പെടുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഒരു വീട് പോലെ ഇതു പണിയപ്പെടുന്നു. ജനങ്ങൾക്ക് കൂടിവരുവാൻ ഒരു ഹാളും, മിഷണറിക്ക് താമസിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങളും (ഒരു മുറി, അടുക്കള, ഒരു ചെറിയ വരാന്ത) പണിയുവാനായുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂര കോൺക്രീറ്റ് ചെയ്ത് പണിയുവാനുള്ള ഒരു യൂണിറ്റിന് അഞ്ചുലക്ഷം രൂപയോളം ചിലവാകും. ഇങ്ങനെയുള്ള ഇരുപത് ഭവനങ്ങൾ പല സംസ്ഥാനങ്ങളിലായി ഈ വർഷം തന്നെ പണിയപ്പെടുവാൻ പ്രാർത്ഥിക്കുന്നു. പ്രാർത്ഥിക്കുക, സഹായിക്കുക.

*(5-ാം പേജിന്റെ തുടർച്ച....(സത്യാ...)*

ആദാമിന്റെ ശരീരം മരിച്ചില്ല; മരണത്തിനു വിധേയമായതേയുള്ളൂ. പക്ഷേ ആത്മാവ് നിർജ്ജീവമായി. എങ്കിലും യേശു നമ്മെ ഉയിർപ്പിച്ചു (എഫെ. 2:1).

മനുഷ്യനു ദൈവബോധം ഉണ്ടാകുന്നത് ആത്മാവിലാണ്. "നാം ദൈവമക്കൾ എന്ന് ദൈവാത്മാവ് നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു" (റോമ.8:16). ആത്മാവിനേ ഈ സാക്ഷ്യം ഗ്രഹിക്കാൻ കഴിയൂ. യേശു നമ്മുടെ ആത്മാവിനെ ജീവിപ്പിച്ചപ്പോൾ നാം ദൈവാഭിമുഖ്യമുള്ളവരായിത്തീർന്നു. അതുവരെ ദൈവത്തെ അന്വേഷിക്കാൻ നമുക്കു കഴിയുമായിരുന്നില്ല (സങ്കീ. 14:2, 53:2, റോമ. 3:11).

ഈ മലയിലും യെരുശലേമിലുമുള്ള ന്യായപ്രമാണപ്രകാരമുള്ള ആരാധനയ്ക്കു മനുഷ്യനെ ദൈവസന്നിധിയിൽ നീതികരിക്കാൻ കഴിഞ്ഞില്ല. (റോമ. 3:20, ഗലാ. 2:16, 3:11). അക്ഷരീകമായ ആരാധനയായ യാഗങ്ങൾ ദൈവം വെറുത്തു കഴിഞ്ഞു. ആത്മാവില്ലാത്ത ചടങ്ങാരാധന ദൈവത്തെ മുഷിപ്പിച്ചു തുടങ്ങി (യെശ. 1:11-17 ശ്രദ്ധിച്ചു വായിക്കുക).

ഹബക്കൂക്കിലൂടെ ദൈവം അത് ഒന്നുകൂടെ പ്രഖ്യാപിച്ചു: "അവന്റെ മനസ് അവനിൽ അഹങ്കരിച്ചിരിക്കുന്നു; അതു നേരുള്ളതല്ല (2:4) ഇവിടെ മനസ് എന്നു തർജ്ജമ ചെയ്തിരിക്കുന്ന NEPHESH എന്ന എബ്രായ പദത്തിനെ ശ്വാസം, ജീവൻ, പ്രാണൻ, ആത്മാവ്, മനസ് തുടങ്ങി 28 വ്യത്യസ്ത പദങ്ങളായാണ് KJV ബൈബിളിൽ തർജ്ജമ ചെയ്തിട്ടുള്ളത്.

മനസ് ദൈവസന്നിധിയിൽ നേരുള്ളതല്ലെങ്കിലും ചടങ്ങായി, യാഗാർപ്പണങ്ങൾ (ആരാധന) നടത്തിയിരുന്ന യിസ്രായേലിനെ നോക്കി ദൈവം പറയുന്നു; അവന്റെ മനസ് അഹങ്കാരം നിറഞ്ഞതാണ്. അതു നേരുള്ളതല്ല. "ഈ ജനം അവരുടെ വായ്കൊണ്ട് എന്റെ അടുത്തു വരികയും (KJV) അവരുടെ അധരങ്ങൾ കൊണ്ട് എന്നെ ബഹുമാനിക്കുകയും ചെയ്യുന്നു; എന്നാൽ അവരുടെ ഹൃദയത്തെ എങ്കൽ നിന്ന് ദൂരത്ത് അകറ്റി വെച്ചിരിക്കുന്നു. എന്നോടുള്ള അവരുടെ ഭക്തി മന:പാഠമാക്കിയ (പരിചയം കൊണ്ടു മനസ്സിലുറച്ച്) മാനുഷിക കല്പനകളാണ് (യെശ. 29:13, യെഹ. 33:31). യേശുക്രിസ്തുവും പരീശന്മാരെ നോക്കി അതു തന്നെ പറയുന്നു (മത്താ. 15:8,9). യെഹെ. 14:3ൽ ദൈവ സന്നിധിയിലിരിക്കുന്ന മൂപ്പന്മാരുടെ ഹൃദയം നിറയെ വിഗ്രഹങ്ങൾ ആണെന്ന് ദൈവം പറയുന്നു. ഇന്നും ഇതു ശരിയല്ലേ.

ഹൃദയം എന്നു മൊഴിമാറ്റിയിരിക്കുന്ന LEB (LRBAB) എന്ന എബ്രായ പദത്തിനു totality of mans inner or immaterial nature മനുഷ്യന്റെ അദൃശ്യമായ, ഗൂഢമായ പൂർണ്ണആളത്വം എന്നാണർത്ഥം. ആത്മാവ് എന്നതിനു പുതിയ നിയമത്തിൽ (യോഹ. 4:23) ഉപയോഗിക്കുന്ന PNEUMA എന്ന പദത്തിന് the immaterial invisible part of the man, the inward man, the element in man by which he perceives, reflects, feels, മനുഷ്യന്റെ അഭൗമവും അദൃശ്യവുമായ ഭാഗം, ഗൂഢ മനുഷ്യൻ, മനുഷ്യന് അറിയാനും നിരീക്ഷിക്കാനും വിചിന്തനം ചെയ്യാനും കഴിയുന്ന ഘടകം എന്നൊക്കെയാണർത്ഥം. ഞാനോ ശരീരം കൊണ്ടു ദൂരസ്ഥനെങ്കിലും ആത്മാവ് (PNEUMA) കൊണ്ട് കൂടെയുള്ളവനായി.... (1കൊരി. 5:3) ഒരു ഉദാഹരണം മാത്രം.

ആരാധന വെറും അധരചർവ്വണവും, ജല്പനങ്ങളുമല്ല. പ്രത്യുത മനുഷ്യന്റെ മുഴു ആളത്വം ദൈവസന്നിധിയിൽ വണങ്ങി വിനയപ്പെട്ട് പ്രമാണിക്കുന്നതാണ് എന്നു വ്യക്തമായില്ലേ? അതാണ് ആത്മാവിലുള്ള ആരാധന.

**ആരാധന സത്യത്തിൽ**

പ്രണാമം സത്യത്തിലായിരിക്കണം. ദൈവം അന്തർഭാഗത്തിലെ സത്യം ഇച്ഛിക്കുന്നു (സങ്കീ; 51:6). ആ ആശയം നാം ചിന്തിച്ചു കഴിഞ്ഞു.

യേശുക്രിസ്തുവിന്റെ വാക്ക് ALETHEIA ആണ്. അർത്ഥം: Truth as opposed two types, emblems or shadows, മാതൃക, അടയാളം നിഴൽ എല്ലാം നീങ്ങിപ്പൊരുൾ, യാഥാർത്ഥ്യമായത് വെളിപ്പെട്ടു കഴിഞ്ഞു എന്നാണ് യേശു പറഞ്ഞത്. ലേവ്യയാഗങ്ങളും, ദൈവാലയവും, പൗരോഹിത്യവും മറ്റും വരുവാനിരുന്നതിന്റെ നിഴലുകളാണ് എന്ന് നമുക്കറിയാം. (എബ്രാ. 10:1).

യവന ദർശനത്തിൽ രണ്ടു ലോകങ്ങളുണ്ട്. നാം അധിവസിക്കുന്ന ഈ നശ്വരലോകം, അദൃശ്യവും യഥാർത്ഥവുമായ (സത്യമായ) ലോകത്തിന്റെ വെറും നിഴലാണ്. അവർ ഈ ദർശനം ശാസ്ത്രീയമായി വിശകലനം ചെയ്യാൻ ശ്രമിച്ചു. ഒത്തിരി ഒത്തിരി പറഞ്ഞു വച്ചെങ്കിലും സത്യമായ ആ ലോകത്തിൽ എങ്ങനെ കടക്കാം. ഈ നിഴൽ ലോകത്തിൽ നിന്നെങ്ങനെ രക്ഷപ്പെടാം? എന്നീ ചോദ്യങ്ങൾക്കുത്തരം യവനദാർശനികരുടെ പക്കലില്ലായിരുന്നു.

യേശുക്രിസ്തുവിന്റെ പ്രസ്താവന, മുഴുലോകത്തിന്റെ തന്നെ അങ്കലാപ്പിന് ഉത്തരമായിരുന്നു. സത്യം എത്തിക്കഴിഞ്ഞു. മിഥ്യ നീങ്ങി, നിഴൽ മാഞ്ഞുപോയി. പഴയ കർമ്മാരാധന വെറും നിഴലായിരുന്നു. പൊരുൾ വെളിപ്പെട്ടു കഴിഞ്ഞാൽ നിഴലിനെന്തു കാര്യം? എബ്രായ ലേഖനം 10:1-28 ശ്രദ്ധിച്ചു വായിക്കുക. സത്യവെളിച്ചം (യോഹ. 1:9), സാക്ഷാൽ അപ്പം (6:32), സക്ഷാൽ മുന്തിരിവള്ളി (15:1) എന്നീ പ്രയോഗങ്ങളും ഈ ചിന്തയെ ഉറപ്പിക്കുന്നു. സത്യാരാധന ആത്മാവായ ദൈവത്തെ ആത്മാവായ മനുഷ്യൻ സത്യമായ യേശുവിൽ ആരാധിക്കുന്നതാണ്. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായി. പഴയതു കഴിഞ്ഞു പോയി. ഇതാ, അതു പുതുതായി (1 കൊരി. 5:17). ആരാധന യേശുക്രിസ്തുവിൽ ആണ്.

**നാഴിക വരുന്നു, വന്നുമിരിക്കുന്നു**

സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു എന്നാണ് യേശു പറഞ്ഞത്. വരും എന്നോ, വരുന്നുവെന്നോ അല്ല. വന്നു കഴിഞ്ഞു എന്നു തന്നെ. ഇതു വെറും എഴുത്തുകാരന്റെ എഴുത്തിന്റെ ശൈലി (രീതി) (Style of writing) ആയിക്കാണാൻ പറ്റുകയില്ല. ഇതേ എഴുത്തുകാരന്റെ വേറെ രണ്ടു പ്രയോഗങ്ങൾ നോക്കാം. പതിനാറാം അദ്ധ്യായം രണ്ടാം വാക്യത്തിൽ നാഴിക വരുന്നു എന്നേയുള്ളൂ. യേശുവിന്റെ ഐഹിക ശുശ്രൂഷ ഏകദേശം അവസാനിക്കാറായിട്ടും ശിഷ്യന്മാരെ കൊല്ലുന്നവർ യഹോവയ്ക്കു യാഗം കഴിക്കുന്നുവെന്നു ചിന്തിക്കുന്ന കാലം എത്തിയില്ല, അതു വരുന്നതേയുള്ളൂ. ശിഷ്യന്മാരോടുള്ള ആ ദീർഘമായ സംസാരം കഴിഞ്ഞിട്ട് യേശു സ്വർഗ്ഗത്തിലേക്കു നോക്കി പറഞ്ഞു. പിതാവേ, നാഴിക വന്നിരിക്കുന്നു (17:1).

യേശുക്രിസ്തു ശമര്യക്കാരിയോടു സംസാരിച്ചത് അവിടുത്തെ പരസ്യശുശ്രൂഷയുടെ ആരംഭത്തിലാണെങ്കിൽ പിന്നെയും മൂന്നുവർഷമെങ്കിലും കഴിഞ്ഞു മാത്രമേ പരിശുദ്ധാത്മാവ് വന്നുള്ളൂ എന്നോർക്കണം. "അവിടുന്ന് ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിക്കാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്; യേശു അന്നു തേജ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു" (യോഹ. 7:37-39). പരിശുദ്ധാത്മാവ് വരുന്നതിനുമുമ്പ് പരിശുദ്ധാത്മാവിൽ ആരാധിക്കാനുള്ള നാഴിക വന്നുമിരിക്കുന്നു എന്ന് "സത്യം" ആയ യേശു പറയുമോ? ശിഷ്യരോടു പറഞ്ഞതുപോലെ നാഴിക വരുന്നു (16:1) എന്നല്ലേ പറയുമായിരുന്നുള്ളൂ?

മനുഷ്യനെ ആരാധിപ്പിക്കാനല്ല പരിശുദ്ധാത്മാവ് വരുന്നത് എന്ന് യേശു നടത്തിയ പരിശുദ്ധാത്മാവ് സംബന്ധിയായ ദീർഘ (യോഹ. 14,16 അദ്ധ്യായങ്ങൾ) പ്രഭാഷണം വ്യക്തമാക്കുന്നില്ലേ? പരിശുദ്ധാത്മാവ് നാം ദൈവമക്കളാണെന്ന പുത്രത്വത്തിന്റെ സാക്ഷി നമ്മുടെ ആത്മാവോടു (റോമ. 8:16) പറയുന്നു. നമുക്ക് വേണ്ടും പോലെ പ്രാർത്ഥിക്കാൻ അറിഞ്ഞുകൂടാത്തതുകൊണ്ട് പരിശുദ്ധാത്മാവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. (റോമ.8:26). അല്ലാതെ ആത്മാവ് നമ്മെ ബലം പ്രയോഗിച്ചു കീഴ്പ്പെടുത്തി ആരാധിപ്പിക്കും എന്നില്ല. ആത്മാവ് നമുക്കുവേണ്ടി ആരാധിക്കയുമില്ല. അതു യോഗ്യമല്ല: പ്രത്യേകിച്ചും പരിശുദ്ധാത്മാവ് തന്നെ ദൈവമായിരിക്കെ ഒട്ടും യോഗ്യമല്ല.

ആരാധനതന്നെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്തി പ്രണമിക്കുന്നതാണെന്നു നാം കണ്ടു. നമ്മുടെ ധാർഷ്ട്യം, ആത്മാവ് ബോധ്യപ്പെടുത്തിത്തരും എന്നല്ലാതെ ആരെയും ഒടിച്ചുമടക്കി ദൈവസന്നിധിയിൽ പ്രണമിപ്പിക്കാൻ ദൈവത്തിനു പരിപാടിയില്ല. സദാകാലം മനുഷ്യനോടു വാദിക്കുക പോലും (ഉല്പ. 6:3) ചെയ്യാത്ത ആത്മാവ്, വാതിൽക്കൽ നിന്നു മുട്ടുക മാത്രം ചെയ്യുന്ന യേശുക്രിസ്തു (വെളി. 3:20), വേദപുസ്തകം നല്കുന്ന ചിത്രങ്ങൾ ഇവയാണ്. ഇതു കൃപായുഗം മനസോടെ ദൈവത്തെ സ്നേഹിക്കാനും ബഹുമാനിക്കാനും ദൈവസന്നിധിയിൽ താഴ്ത്താനും ആണ് ദൈവം ആവശ്യപ്പെടുന്നത് (മീഖ. 6:8).

ആരാധന ആത്മനിഷ്ഠമാണ്; ധ്യാനാത്മകമാണ്. ഒരു സ്ഥലത്തോ സ്ഥാപനത്തിലോ ക്ലിപ്തസമയത്തു കൂടി വന്ന് ഒരു ചിട്ടയിൽ ചെയ്യുന്ന ചില നടപടികളല്ല ആരാധന. ദൈവം ആത്മാവാണ്, ദൈവം പിതാവാണ്. ആരാധന ആത്മപ്രണാമമാണ്.

**മഹത്വം, സ്തുതി, സ്തോത്രം**

"അവർ ദൈവത്തെ അറിഞ്ഞിട്ടും ദൈവത്തെ ദൈവം എന്നോർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു" (റോമ. 1:21). ഞാൻ അപ്പൻ എങ്കിൽ എന്നോടുള്ള ബഹുമാനം എവിടെ? ഞാൻ യജമാനൻ എങ്കിൽ എന്നോടുള്ള ഭക്തി എവിടെ? (മലാഖി1:6).

ദൈവത്തെ നാം ബഹുമാനിക്കണം; ദൈവത്തെ നാം മഹത്വപ്പെടുത്തണം. ദൈവം ദൈവമായതുകൊണ്ടാണത്. ധന്യനായ ഏകാധിപതിയും, രാജാധിരാജാവും, കർത്താധികർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യൻ ആരും കാണാത്തവനും കാണാൻ കഴിയാത്തവനും ആയ ആദിയും അന്ത്യവുമായ (1തിമൊ. 6:14,15) അഖിലാണ്ഡത്തെ മുഴുവൻ ഒന്നുമില്ലായ്മയിൽ നിന്നു അസ്തിത്വത്തിലേക്കു വിളിച്ചുവരുത്തിയവനായ തനിക്കു മാത്രം അസ്തിത്വമുള്ളവനായ....(വാക്കുകൾ പരിമിതമാവുന്നു) ആ ദൈവം നമ്മുടെ പിതാവാണ്. പിതാവിനോടുള്ള വണക്കത്തോടും ബഹുമാനത്തോടും കൂടെ ദൈവത്തെ വാഴ്ത്തി സ്തുതിക്കയും, ദൈവം ചെയ്തിരിക്കുന്ന ഉപകാരങ്ങളെ ഓർത്ത് ദൈവത്തിനു നന്ദി (സ്തോത്രം) കരേറ്റുകയും ചെയ്യണം.

ഭക്തി ബഹുമാനസാന്ദ്രമായ അന്തരീക്ഷത്തിൽ ദൂതന്മാരുടെയും സകലസൃഷ്ടികളുടെയും തെളിഞ്ഞ മനസിലാവുന്ന ഭാഷയിലുള്ള പ്രഖ്യാപനവും ജീവികളുടെ 'ആമേൻ' ചൊല്ലും മൂപ്പന്മാരുടെ പ്രണാമവും എവിടെ? ധാർഷ്ട്യവും, തണ്ടും നിറഞ്ഞ അഹങ്കാരം നിശ്വസിക്കുന്ന ഭൗതീകനന്മയ്ക്കു വേണ്ടി മാത്രം ഉണ്ടാകുന്ന അത്യുച്ചത്തിലുള്ള അപശബ്ദങ്ങളുടെ ഘോഷവും തെളിവില്ലാത്ത ഒച്ചകളും തുള്ളലും എവിടെ? ഒരു നിമിഷം കോലാഹലങ്ങളും മുൻവിധികളും നീക്കിവച്ചിട്ട് ചിന്തിക്കുമോ?

നമ്മുടെ മുഴുആളത്തവും, നമ്മുടെ ശക്തിയും സമ്പത്തും ബുദ്ധിയും ജ്ഞാനവും എല്ലാം സ്വീകരിക്കാൻ യോഗ്യനായ അറുക്കപ്പെട്ട കുഞ്ഞാടിന് ആർത്തട്ടഹസിച്ച്, ഒരു പൈസ പോലും ചെലവില്ലാത്ത പടിഞ്ഞാറൻ വികടസംഗീതത്തിന്റെ അവതാളത്തിനൊപ്പിച്ച് ജാതികളെപ്പോലെ "ആടിയുലഞ്ഞാരാധി"ച്ചാൽ മതിയെന്നു ചിന്തിക്കുന്നവർ എന്തു ഭോഷത്വമാണ് കാട്ടുന്നത്?

ആരാധന വണക്കമാണ്, താഴ്ചയാണ്, യാഗമാണ്, ചെലവുള്ളതാണ്, ആരാധന യേശുവിന്റെ നാമം പാളയത്തിനുപുറത്ത് ഏറ്റു പറയുന്നതാണ്; സുവിശേഷഘോഷണമാണ്.

**ബൈബിൾ പഠനക്വിസ്–89**



# വീണ്ടെടുപ്പിന്റെ വെളിപ്പെടുത്തൽ

*ഡോ. റ്റി.സി. കിഷോർ മോഹൻ*

**ദൈ**വതേജസ്സു വിട്ടകന്ന് പാപത്തിലും വിഗ്രഹാരാധനയിലും മുഴുകി മ്ലേച്ഛമായ ജീവിതം നയിക്കുന്ന തന്റെ ജനത്തിനോട് ദൈവത്തിനുള്ള സ്നേഹത്തെ പ്രകടമാക്കുക എന്ന ലക്ഷ്യം മുൻനിറുത്തി പ്രവാചകനായ ഹോശേയ രചിച്ച പുസ്തകത്തെ ആസ്പദമാക്കിയാണ് ഈ ലക്കത്തിലെ ബൈബിൾ ക്വിസ് തയ്യാറാക്കിയിരിക്കുന്നത്.

വിഭജനാനന്തര യിസ്രായേലിൽ ദൈവത്തിനു വേണ്ടി പ്രവാചകശുശ്രൂഷ നിർവഹിച്ചിരുന്നയാളാണ് ഹോശേയ. കനാൻ ദേശത്തിന്റെ വിഭജനത്തിനുശേഷം യിസ്രായേലിന്റെ ഭരണസാരഥ്യം നിർവഹിച്ച ആദ്യത്തെ രാജാവാണ് എഫ്രയീം ഗോത്രക്കാരനായ യെരോബെയാം. ഭൂമിശാസ്ത്രപരമായി പലസ്തീൻ നാടിന്റെ മദ്ധ്യഭാഗത്താണ് എഫ്രയീം ഗോത്രം സ്ഥിതി ചെയ്തിരുന്നത്. ഹോശെയ എന്ന വാക്കിനർത്ഥം 'രക്ഷ' എന്നാണ്. ബി.സി 753 നും 714 നും ഇടയിലുള്ള കാലഘട്ടത്തിലായിരിക്കണം ഈ ഗ്രന്ഥം രചിക്കപ്പെട്ടിട്ടുള്ളത്. ബെയേരിയുടെ മകൻ ഹോശേയ ആണ് ഗ്രന്ഥകർത്താവ് എന്ന സത്യം ആർക്കും നിഷേധിക്കാനാവില്ല (1:1). അദ്ദേഹത്തിന്റെ ജന്മദേശത്തെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല എങ്കിലും 7:5 ൽ രാജാവിനെക്കുറിച്ച് നമ്മുടെ രാജാവെന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് യിസ്രായേൽ രാജ്യമാകാനാണു സാധ്യത. വൈരുദ്ധ്യങ്ങൾ നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ദാമ്പത്യജീവിതം. യിസ്രായേലിന്റെ അസാന്മാർഗ്ഗിക ജീവിതത്തിന്റെ പ്രതീകമായ ഗോമർ എന്ന ദുർന്നടപ്പുകാരിയെ ദൈവീക നിർദ്ദേശപ്രകാരം അദ്ദേഹം വിവാഹം കഴിക്കുന്നു. ഈ സ്ത്രീയിൽ അദ്ദേഹത്തിന് രണ്ടു പുത്രന്മാരും ഒരു പുത്രിയും ജനിക്കുന്നു. ദൈവത്തിന്റെ സ്വന്തം ജനമായ യിസ്രായേലിന്റെ കൊടുംക്രൂരത, വഞ്ചന, പരസംഗം, നന്ദിയില്ലായ്മ, വിഗ്രഹാരാധന, അത്യാഗ്രഹം എന്നിവയെ അദ്ദേഹം കടുത്ത ഭാഷയിൽ വിമർശിക്കുന്നുണ്ടെങ്കിലും, അദ്ദേഹത്തിന്റെ സന്ദേശം അനുകമ്പാമസൃണവും പ്രത്യാശാനിർഭരവുമാണ്. പരസംഗത്തിൽ ജീവിക്കുന്ന ഭാര്യമൂലം സ്വന്തം ജീവിതത്തിൽ അദ്ദേഹത്തിനു സഹിക്കേണ്ടിവന്ന യാതനകളാകാം ഒരു പക്ഷേ അദ്ദേഹത്തെ ഇത്രയും കരുണാർദ്രനാക്കിയത്.

ഉസ്സീയാവ്, യോഥാം, ആഹാസ്, ഹിസ്കിയാവ് എന്നീ യെഹൂദാ രാജാക്കന്മാരുടെയും യൊരോബെയാം എന്ന യിസ്രായേൽ രാജാവിന്റെയും കാലത്തായിരുന്നു ഹോശെയാ തന്റെ പ്രവാചകശുശ്രൂഷ നിർവഹിച്ചിരുന്നത് (1:1). യിസ്രായേലിലെ മറ്റൊരു പ്രവാചകനായ ആമോസ്, യെഹൂദയിലെ യെശെയ്യാവ്, മീഖാ എന്നിവരും ഒരേ കാലഘട്ടത്തിൽ ദൈവത്തിനുവേണ്ടി പ്രവചിച്ചു. യെരോബെയാമിനു ശേഷം യിസ്രായേൽ രാഷ്ട്രത്തിന്റെ അവസാന കാലത്തു ഭരിച്ചിരുന്ന സെഖര്യാവു മുതൽ ഹോശെയ വരെ നീളുന്നതായിരുന്നു ഈ പ്രവാചകന്റെ ശുശ്രൂഷാകാലം (ബി.സി. 755 മുതൽ 710 വരെ). ഹിസ്കിയാവ് രാജാവിന്റെ കാലത്തായിരിക്കണം ഹോശേയ ഈ ഗ്രന്ഥമെഴുതിയത്. തന്റെ 40 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

യിസ്രായേൽ രാഷ്ട്രം യൊരോബെയാം രണ്ടാമൻ രാജാവിന്റെ കീഴിൽ അഭിവൃദ്ധി പ്രാപിച്ചിരിക്കുന്ന കാലത്തായിരുന്നു ഹോശെയ തന്റെ പ്രവാചകശുശ്രൂഷ ആരംഭിച്ചത്. എങ്കിലും തിഗ്ലത്ത് പെലേസർ മൂന്നാമന്റെ കീഴിൽ അസ്സീറിയ ബലം പ്രാപിച്ചതോടെ യിസ്രായേൽ ക്ഷയിച്ചു തുടങ്ങി. അവസാനത്തെ 6 രാജാക്കന്മാരുടെ വാഴ്ചക്കാലം ഹ്രസ്വമായിരുന്നു. കൂടാതെ അതിൽ 4 പേർ വധിക്കപ്പെടുകയും ചെയ്തു. അഞ്ചാമൻ തടവുകാരനായി അസ്സീറിയയിലേക്ക് നാടുകടത്തപ്പെട്ടതോടെ യിസ്രായേലിലെ സ്ഥിതിഗതികൾ വഷളായിക്കഴിഞ്ഞിരുന്നു. അധാർമ്മികതയും മ്ലേച്ഛതയും പെരുകി. വിഗഹാരാധനയിൽ മുഴുകിക്കഴിഞ്ഞിരുന്ന ജനം ഒരു തരം ആത്മീയ അന്ധതയിലേക്കു നീങ്ങി. 'പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു. പരിജ്ഞാനം ത്യജിക്കുകകൊണ്ട് നീ എനിക്ക് പുരോഹിതനായിരിക്കാത വണ്ണം ഞാൻ നിന്നെയും ത്യജിക്കും. നീ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണം മറന്നുകളഞ്ഞതുകൊണ്ട് ഞാനും നിന്റെ മക്കളെ മറക്കും" (4:6) ഹോശെയ പ്രവചനത്തിലെ മുഖ്യസന്ദേശം ഇതാണ്. ഹോശെയയുടെ വ്യക്തി ജീവിതത്തിൽ സംഭവിച്ച ദുരന്തം യിസ്രായേൽ രാജ്യത്തിനു സംഭവിച്ച ദുരന്തത്തിന്റെ ദൃഷ്ടാന്തമായിരുന്നു. സ്വന്തം ഭാര്യയായ ഗോമർ അന്യപുരുഷന്മാരെ തേടിപ്പോയതുപോലെ ദൈവജനവും അന്യദേവന്മാരെ സേവിച്ചു തുടങ്ങി. മനുഷ്യൻ പാപത്തിനടിമപ്പെട്ടു അവിശ്വാസിയായി തീരുമ്പോഴും വിശ്വസ്തത കൈവിടാത്ത സ്നേഹത്തോടെ മനുഷ്യനെ കാത്തിരിക്കുന്ന ഒരു ദൈവത്തെയാണ് ഹോശെയായുടെ പുസ്തകത്തിലുടനീളം നമുക്കു ദർശിക്കുവാൻ സാധിക്കുന്നത്.

ഹോശെയ പുസ്തകത്തിലെ 1 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളെ ആസ്പദമാക്കിയാണ് ഈ ലക്കം ബൈബിൾ ക്വിസ് തയാറാക്കിയിരിക്കുന്നത്. ഓരോ വാക്യവും ശ്രദ്ധാപൂർവ്വം വായിച്ച് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചെഴുതുക.

### ചോദ്യങ്ങൾ

1. ഹോശെയയുടെ പിതാവാര്?
2. ഗോമറിന്റെ പിതാവിന്റെ പേരെന്ത്?
3. ജെസ്രി എന്ന വാക്കിന്റെ അർത്ഥമെന്ത്?
4. കരുണ ലഭിക്കാത്തവൾ എന്ന് അർത്ഥം വരുന്ന വാക്കേത്?
5. ഹോശെയായുടെ രണ്ടാമത്തെ മകന്റെ പേരെന്ത്?
6. രൂഹമ എന്ന വാക്കിനർത്ഥം?
7. ഉടയവൻ എന്നർത്ഥം വരുന്ന വാക്ക്?
8. ഈശി എന്ന വാക്കിന്റെ അർത്ഥമെന്ത്?
9. വിഗ്രഹങ്ങളുടെ കൂട്ടാളിയായി തീർന്നതാര്?
10. രക്തംകൊണ്ട് മലിനമായിരിക്കുന്ന പട്ടണം ഏത്?
11. 'ഞാൻ എന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ, നിനക്കും ഒരു കൊയ്ത്ത് വച്ചിരിക്കുന്നു'. ആർക്ക്?
12. ബുദ്ധിയില്ലാത്ത പൊട്ടപ്രാവിനോടുപമിച്ചിരിക്കുന്നത് ആരെയാണ്?
13. ആരുടെ പശുക്കിടാവിനെയാണ് ദൈവം വെറുക്കുന്നത്?
14. ആരെയാണ് മരുഭൂമിയിൽ മുന്തിരിപ്പഴം പോലെ കണ്ടെത്തിയത്?
15. ഗർഭത്തിൽ വച്ച് തന്റെ സഹോദരന്റെ കുതികാൽ പിടിച്ചവൻ?
16. ദൂതനോടു പൊരുതി ജയിച്ചവൻ ആര്?
17. ആരുടെ വഴികളാണ് ചൊവ്വുള്ളത്?

### ബൈബിൾ പഠനക്വിസ് 88–ന്റെ ശരി ഉത്തരങ്ങൾ

**1.** ശിനാർദേശം (ദാനി. 1:2) **2.** അശ്പെനാസ് (1:3) **3.** ഷണ്ഡാധിപൻ (1:7) **4.** ശദ്രക് (1:7) **5.** ദാനിയേൽ (1:7) **6.** മെൽസർ (1:11) **7.** കോരെശ് (1:21) **8.** അരിയോക്ക് (2:14) **9.** ദൂരാസമഭൂമിയിൽ (3:1) **10.** ശദ്രെക്ക്, മേശക്ക്, അബേദ്നഗോ **11.** നെബുഖദ്നേസർ (4:33) **12.** നെബുഖദ്നേസർ (5:18) **13.** 'മെനേ, മെനേ, തെക്കേൽ, ഊഫർസീൻ (5:25) **14.** ഏലാം (8:2) **15.** അഹശ്വേരോശ് (9:1) **16.** ഹിദ്ദേക്കൽ (10:4) **17.** മിഖായേൽ (12:1)

**ശരി ഉത്തരങ്ങൾ അയച്ചത്**

കെ. വിൻഫ്രഡ്, കണ്ണൂർ

### ഭൂതോപദ്രവത്തിൽ നിന്നുള്ള മോചനം



ഹരിയാനയിലെ സിട്ടാൻ ടെർട്ടൻ ഗ്രാമത്തിലെ ദേവരാജ് എന്ന വ്യക്തി ദുരാത്മാവ് ബാധിച്ച് ഒരു മാനസികരോഗിയെപ്പോലെ പ്രവർത്തിക്കുകയായിരുന്നു. ധാരാളം മന്ത്രവാദങ്ങൾ ചെയ്തിട്ടും യാതൊരു കുറവും ഉണ്ടായില്ല. വീട്ടിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ഉപകരണങ്ങൾ നശിപ്പിക്കുകയും ചെയ്യുമായിരുന്നു. ഈ ഗ്രാമത്തിലെ ചില വിശ്വാസികൾ യേശുവിനോട് പ്രാർത്ഥിച്ചാൽ വിടുതൽ ലഭിക്കുമെന്ന് വീട്ടുകാരോട് പറഞ്ഞതനുസരിച്ച് അവർ വീട്ടിൽ ഒരു പ്രാർത്ഥന ക്രമീകരിച്ചു. ജി.എം.ഐ മിഷണറി സഹോദരൻ ബിട്ടു മസീഹ് ഈ പ്രാർത്ഥനയിൽ സംബന്ധിച്ചു. പ്രാർത്ഥനയുടെ ഫലമായി ദേവരാജിനെ ദൈവം പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിച്ചു. ഇപ്പോൾ നല്ല ഒരു വ്യക്തിത്വത്തിനുടമയായി യേശുവിന്റെ സാക്ഷിയായി ജീവിക്കുന്നു.

### പ്രത്യേക അറിയിപ്പ്

ക്രിസ്തുകൃപ ആശ്രമം കാട്ടാക്കടയിൽ പുതിയതായി പുസ്തകശാല പ്രവർത്തനമാരംഭിച്ചു. ക്രൈസ്തവ സാഹിത്യങ്ങൾ, പാട്ടുപുസ്തകങ്ങൾ, പ്രസംഗ സി.ഡികൾ, പാട്ടു സി.ഡികൾ, ബൈബിൾ, കീ ചെയിൻ തുടങ്ങിയവ ലഭ്യമാണ്.

ക്രൈസ്തവസഭയുടെ ചരിത്രം - ഭാഗം 71

# ലാറ്ററൻ ഉടമ്പടി മുതൽ ജർമ്മൻ ക്രിസ്ത്യൻസ് വരെ

*എൻ. ജസ്റ്റിൻരാജ്*

## ലാറ്ററൻ ഉടമ്പടി (1929)

**ഇ**റ്റലിയിൽ സോഷ്യലിസത്തിനും ജനാധിപത്യത്തിനുമെതിരെ പടവാളോങ്ങി കലാപങ്ങൾക്കു നേതൃത്വം നല്കിയ ബെനിറ്റോ മുസ്സോളിനി ഫാസിസത്തിന് രൂപം നല്കി. മുസ്സോളിനിയുടെ മുന്നേറ്റത്തെ തടയുവാൻ കഴിയാതെ വിക്ടർ ഇമ്മാനുവേൽ മൂന്നാമൻ രാജാവ് 1922 ഒക്ടോബറിൽ മുസ്സോളിനിയെ ഇറ്റലിയുടെ പ്രധാനമന്ത്രിയാക്കി. 'ഞാൻ ലോകത്തെ വിറപ്പിക്കും' എന്ന് കുട്ടിക്കാലത്ത് അമ്മയോട് ഒരിക്കൽ പറഞ്ഞിരുന്നത് യാഥാർത്ഥ്യമാകുന്നവിധം ലോകം അറിയപ്പെടുന്ന ഒരു സ്വേച്ഛാധിപതിയായി മാറി.

അധികാരം കയ്യിൽ കിട്ടിയ മുസ്സോളിനിയുടെ കീഴിൽ ഇറ്റലിയിലെ സോഷ്യലിസ്റ്റുകൾ അടിച്ചമർത്തപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു.

'വത്തിക്കാൻ' പരമാധികാര രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ട ലാറ്ററർ ഉടമ്പടി, 1926 ഫെബ്രുവരി 16-ാം തീയതി മുസ്സോളിനിയും പതിനൊന്നാം പീയൂസ് മാർപാപ്പയുടെ പ്രതിനിധി കർദ്ദിനാൾ പിയെത്രൊ ഗാസ്പാറിയുമായി ലാറ്ററൻ കൊട്ടാരത്തിൽ വച്ച് ഒപ്പു വയ്ക്കുകയുണ്ടായി. ചരിത്രപ്രസിദ്ധമായ ലാറ്ററൻ ഉടമ്പടിയിലൂടെ വത്തിക്കാൻ മാർപാപ്പയുടെ ആധിപത്യത്തിൻ കീഴിൽ ഒരു പരമാധികാര രാഷ്ട്രമായതോടെ ദീർഘകാലമായി നിലനിന്ന റോമൻ പ്രശ്നത്തിന് വിരാമം ആവുകയായിരുന്നു. വെറും 44 ച.കി.മീറ്റർ അഥവാ 108.7 ഏക്കർ മാത്രമുള്ള ലോകരാഷ്ട്രങ്ങൾക്കിടയിലെ തന്നെ ഏറ്റവും ചെറിയ രാഷ്ട്രമാണ് വത്തിക്കാൻ. അതിന്റെ രാഷ്ട്രത്തലവനും പരമാധികാരിയുമായി മാർപാപ്പ. കത്തോലിക്കാമതം ഔദ്യോഗികമതമായി മാറുകയും ചെയ്തു. 1870-ൽ അവസാനിച്ച 'പേപ്പൽ രാജ്യത്തിന്റെ' തുടച്ചയായിരുന്നില്ല 1929-ൽ നിലവിൽ വന്ന വത്തിക്കാൻ രാഷ്ട്രം. ലോകത്തിലെ വിവിധ രാജ്യങ്ങളുമായി നയതന്ത്ര ബന്ധമുള്ള ഒരു രാഷ്ട്രമാണ് വത്തിക്കാൻ.

## 1934-ലെ ബാർമെൻ വിളംബരം

ജർമ്മനിയിൽ അഡോൾഫ് ഹിറ്റ്ലർ അധികാരത്തിൽ വന്നപ്പോൾ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം 'ജർമ്മൻ ക്രിസ്ത്യൻസ്' എന്ന പേരിൽ ഒരു വർഗ്ഗീയ പ്രസ്ഥാനമായി ചേരിതിരിഞ്ഞു. ഹിറ്റ്ലറോടും അദ്ദേഹത്തിന്റെ നാസി പ്രസ്ഥാനത്തോടും കൂറു പുലർത്തിയ ഇവർക്ക് ഗവൺമെന്റിന്റെ സകല പിന്തുണയും ലഭിച്ചു. ജർമ്മൻകാർ ശുദ്ധ ആര്യന്മാരാണെന്നും ലോകം ഭരിക്കുവാനുള്ള അവകാശം അവർക്കാണെന്നുമായിരുന്നു ഹിറ്റ്ലർ പ്രചരിപ്പിച്ചത്. ക്രൂരനായ ഹിറ്റ്ലറുടെ ഈ 'ശുദ്ധ ആര്യരക്തവാദത്തിൽ' അധിഷ്ഠിതമായിരുന്നു ജർമ്മൻ ദേശീയ വാദമായി മാറിയ നാസിസം.

ഈ വാദം വേദസൂക്തമായി അംഗീകരിച്ച 'ജർമ്മൻ ക്രിസ്ത്യൻസ്', നാസിസവും സഭയുടെ പ്രബോധനവും കൂട്ടിക്കലർത്തി പഠിപ്പിക്കുകയും, ആര്യന്മാർ അല്ലാത്തവർക്കും അനാര്യന്മാരെ വിവാഹം ചെയ്തവർക്കും ജർമ്മൻ ക്രിസ്ത്യൻ സമൂഹത്തിൽ പ്രവേശനം നിഷേധിച്ചു.

ലോകാധിപത്യം സ്ഥാപിക്കുവാൻ ഹിറ്റ്ലർ മെനഞ്ഞ ഒരു തന്ത്രമായിരുന്നു ആര്യന്മാർ അല്ലാത്തവർ അശുദ്ധരാണെന്ന വാദം. അക്രൈസ്തവും വചനവിരുദ്ധവുമായ ഈ വാദം തിരിച്ചറിയുവാൻ ജർമ്മൻ ക്രിസ്ത്യൻസിനായില്ല.

പാസ്റ്റർ മാർട്ടിൻ നീമോളർ, ഡിട്രിച്ച് ബോൺ ഹോഫർ, കാൾബാത്ത് തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാർ, ഹിറ്റ്ലറുടെ ഈ രാഷ്ട്രീയ നിലപാടിനെ എതിർത്തുകൊണ്ട് സത്യത്തിനു വേണ്ടി മുമ്പോട്ടു വന്നു. 'ശുദ്ധ ആര്യ രക്തവാദ'ത്തേയും 'സഭയുടെ രാഷ്ട്രീയവത്ക്കരണ'ത്തെയും അവർ എതിർത്തു. സഭയെ ഭരിക്കേണ്ട ഭരണവർഗ്ഗം ആര്യരക്തമുള്ളവരായിരിക്കണമെന്ന നിലപാടിനേയും അവർ നിശിതമായി വിമർശിച്ചു.

1933-ൽ 'ശുശ്രൂഷകന്മാരുടെ അടിയന്തിര സഖ്യ'ത്തിന് (Pastors Emergency League) രൂപം നല്കിക്കൊണ്ട് ഹിറ്റ്ലറുടെ ദുഷ്പ്രവണതയ്ക്കെതിരെ ആദ്യം ശബ്ദമുയർത്തിയത് മാർട്ടിൻ നീമോളർ ആയിരുന്നു. ജർമ്മൻ ക്രിസ്ത്യൻസിന്റെ 'ശുദ്ധ ആര്യൻ രക്തവാദ'ത്തിനും നാസിസത്തിനുമെതിരെ അദ്ദേഹം പ്രസംഗിച്ചു. ഈ വാദത്തിനെതിരെ ക്രൈസ്തവ നിലപാടു വ്യക്തമാക്കുന്നതിനു 1934 മെയ് 29 മുതൽ 30 വരെ ബാർമെനിൽ നടന്ന പാസ്റ്റേഴ്സ് എമർജെൻസി ലീഗിന്റെ സിനഡ് നടത്തിയ പ്രഖ്യാപനമായിരുന്നു പ്രസിദ്ധി നേടിയ 'ബാർമെൻ വിളംബരം' (Barmen Declaration).

ഈ പ്രഖ്യാപനത്തെ ഉൾക്കൊള്ളുകയും വിശ്വസിക്കുകയും ചെയ്യുന്നവർ 'ഏറ്റുപറയുന്ന സഭ' (Confessing church) എന്ന പേരും സ്വീകരിച്ചു. 'സഭയുടെ അധിപതി ക്രിസ്തുവാണെന്നും, സഭയുടെ പ്രബോധനങ്ങൾ ക്രിസ്തു ദർശനത്തിൽ മാത്രം അധിഷ്ഠിതമാണെന്നും സഭയുടെ പ്രബോധനങ്ങൾ തീരുമാനിക്കുവാൻ ഉള്ള അധികാരം ക്രിസ്തുവിനു മാത്രമാണെന്നും അവർ പ്രഖ്യാപിച്ചു'. ഹിറ്റ്ലറുടെയും നാസികളുടെയും ശക്തമായ എതിർപ്പിന് ഇത് വഴിതെളിച്ചു. ഭീഷണിയുടേയും പ്രതികൂലങ്ങളുടേയും മുന്നിൽ പതറാതെ ക്രൈസ്തവദർശനത്തിനും വിശുദ്ധിക്കും വേണ്ടി കൺഫെസിംഗ് ചർച്ച് നിലകൊണ്ടു. ഹിറ്റ്ലറിനുവേണ്ടി ക്രൈസ്തവികതയെ തള്ളിപ്പറയുന്ന ഒരു ചാരസംഘടനയായിരുന്നു 'ജർമ്മൻ ക്രിസ്ത്യൻസ്'. ഹിറ്റ്ലറുടെ വാഗ്ദാനങ്ങളും, ആനുകൂല്യങ്ങളും അവരെ അന്ധരാക്കിയതിനാൽ ഈ ദുരുപദേശം തിരിച്ചറിയാത്ത ക്രിസ്ത്യാനികൾ അതിൽ അംഗങ്ങളായി. ✹

### സമാധാനം നല്കുന്ന യേശു



സഹോദരൻ ലോറൻസ് ബിശ്വകർമ്മ പശ്ചിമബംഗാളിലെ ഒരു ജി.എം.ഐ മിഷണറിയാണ്. ദേവിഗഡാ ഗ്രാമത്തിലെ ഒരു ബ്രാഹ്മണ കുടുംബം വിവിധ വിഷയങ്ങൾ കാരണം കുടുംബ സമാധാനം നഷ്ടപ്പെട്ട് ജീവിക്കുകയായിരുന്നു. പ്രശ്നപരിഹാരത്തിനായി ധാരാളം പൂജകളും ഹോമങ്ങളും നടത്തിയെങ്കിലും യാതൊരു പരിഹാരവും ഉണ്ടായില്ല. ഈ സാഹചര്യത്തിൽ മിഷണറിയും കുടുംബവും ഈ ഭവനത്തിൽ കടന്നുപോയി യേശുവിനെക്കുറിച്ചും യേശുവിലൂടെ ലഭിക്കുന്ന സമാധാനത്തെക്കുറിച്ചും സംസാരിച്ചു. അവർ സുവിശേഷത്തിൽ വിശ്വസിച്ച് തങ്ങളുടെ ജീവിതം യേശുവിനായി സമർപ്പിച്ചപ്പോൾ തന്നെ കുടുംബത്തിൽ വലിയ സമാധാനം കൈവന്നു. അവർ തങ്ങളുടെ വിഗ്രഹങ്ങളും അവയ്ക്ക് പൂജയർപ്പിക്കുന്ന പാത്രങ്ങളും എടുത്തുകളഞ്ഞു. യേശുവിനായി തങ്ങളെ സമർപ്പിച്ച ഈ കുടുംബം മുഖാന്തരം ദേവിഗഡാ ഗ്രാമത്തിൽ ഇപ്പോൾ ഒരു പ്രാർത്ഥനാ കൂട്ടായ്മ നടന്നുകൊണ്ടിരിക്കുന്നു.


### നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ

നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അറിയിക്കുക

**Grace Ministries of India**

Nanthancode, Trivandrum- 695 003

☎ 0471 - 2311439

E-mail : gmi@graceindia.in

www.graceindia.in

**ക്രിസ്തുകൃപ ആശ്രമം**

കാട്ടാക്കട, തിരുവനന്തപുരം

☎ 0471 - 2290473



# ചങ്ങാതിക്കൂട്ടം

**ഉണ്ണി അമ്മയമ്പലം**

## ബൈബിളിലെ പ്രകൃതിപാഠങ്ങൾ

ജൂൺ 5 രാജ്യാന്തര പരിസ്ഥിതി ദിനമാണ്. ജൂൺ 5 നു മാത്രമല്ല പ്രകൃതിയെക്കുറിച്ച് നാം അറിയേണ്ടത്. ദിവസത്തിന്റെ ഓരോ നിമിഷവും നമ്മൾ പ്രകൃതിയെ പരിപാലിച്ചിരിക്കണം.

വിശുദ്ധവേദപുസ്തകത്തിൽ ഇല്ലാത്തതെന്താണ്? എല്ലാം അതിലുണ്ട്. ദൈവം സംസാരിച്ച ഭാഷയാണ് നമ്മുടെ ബൈബിൾ. മനുഷ്യജീവിതം ദൈവം ആഗ്രഹിക്കുന്നതുപോലെയാകുവാൻ ദൈവം സംസാരിച്ച വാക്കുകളാണു ബൈബിൾ.

ആദിയിൽ ആകാശവും ഭൂമിയും... എന്ന വാചകം ദൈവത്തിന്റെ ശബ്ദമായി മാറുന്നത് എപ്പോഴാണ്? ഈ വാചകത്തിൽ പ്രകൃതിയുണ്ടെന്നറിയുമ്പോൾ. ആദ്യം മനുഷ്യജീവിതത്തിന് പ്രകൃതി രൂപപ്പെടുത്തിയ ദൈവമല്ലേ ഈ ലോകത്തെ ഏറ്റവും വലിയ പരിസ്ഥിതിപ്രവർത്തകൻ അഥവാ പരിസ്ഥിതി സംരക്ഷകൻ. അതേ ശരി തന്നെ. എങ്കിൽ നമുക്കിനി വിശുദ്ധഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന പരിസ്ഥിതി അറിവുകൾ എന്തൊക്കെയാണെന്നു നോക്കാം.

“...അരുവികളും ഉറവകളും മലകളിലും താഴ്വരകളിലും പൊട്ടിയൊഴുകുന്ന... ദൈവമായ കർത്താവ് നിങ്ങളെ കൂട്ടിക്കൊണ്ടുവരുന്നത്. (നിയമാവർത്തനം 8:7) ജീവനേകുന്ന വചനങ്ങളിൽ പ്രകൃതി ഭംഗിയുടെ വിശുദ്ധഭാവങ്ങളാണുള്ളത്. മനുഷ്യരക്ഷയുടെ ബൈബിൾ ആരംഭിക്കുന്നത് ഇത്തരം ഉദാത്തമായ പ്രകൃതിബന്ധങ്ങളിൽ തൊട്ടുകൊണ്ടാണ്.

ഉല്പത്തി പുസ്തകത്തിന്റെ ആദ്യ അധ്യായത്തിൽ സ്വന്തം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച ദൈവം സർവചരാചരങ്ങളുടെയും മേൽ അവന് ആധിപത്യം നല്കി.

നശിപ്പിക്കുവാനുള്ള ആധിപത്യം അഥവാ അധികാരമല്ല ഇത്. സംരക്ഷിക്കാനുള്ള അധികാരമാണിത്. ഇൻഡ്യൻ ഭരണഘടന ഒരു പ്രധാന മന്ത്രിക്ക് അധികാരവും സ്ഥാനവും നല്കുന്നത് ആ രാജ്യത്തെ ജനങ്ങളുടെ സ്വത്തും ജീവനും സംരക്ഷിക്കുന്നതിനു വേണ്ടിയാണ്. അതുപോലെയാണ് മനുഷ്യന് സർവചരാചരങ്ങളുടെമേലും ദൈവം ആധിപത്യം നല്കിയത്.

“കൃഷി ചെയ്യാനും സംരക്ഷിക്കാനും” (2:15) ഉല്പത്തി രണ്ടാം അധ്യായത്തിലെ ഈ വാചകം മുകളിൽ പറഞ്ഞ അഭിപ്രായത്തിനു ശക്തി നല്കുന്നു.

കൃഷി ചെയ്യുക സംരക്ഷിക്കുക. കൃഷി ഒരു സൃഷ്ടികർമ്മമാണ്. കാർഷിക മേഖല സംരക്ഷിക്കപ്പെടുക എന്നു പറഞ്ഞാൽ പ്രകൃതിയെ പരിപാലിക്കുക എന്നാണർത്ഥം. ഇവിടെ സൃഷ്ടികർമ്മത്തിൽ ദൈവത്തോടൊപ്പം സഹസ്രഷ്ടാവായി പ്രവർത്തിക്കുന്നതിനുള്ള നിയോഗം അഥവാ തെരഞ്ഞെടുപ്പാണ് മനുഷ്യനു ലഭിച്ചിരിക്കുന്നത്. വെറുതെ ഇരിക്കേണ്ടവനല്ല മനുഷ്യൻ. നാമാരും വെറുതെ അലസരായി ജീവിതം പാഴാക്കരുതെന്ന സന്ദേശം ഇവിടെ വ്യക്തമാക്കുന്നു. സൃഷ്ടികർമ്മത്തിൽ അഥവാ പുതിയ കാര്യങ്ങൾ ചെയ്യുന്നതിന് ഈ പ്രകൃതിയെ വസന്തമാക്കുന്നതിന് തയ്യാറാവുക. പരിസ്ഥിതിയുടെ സംരക്ഷണ ചുമതല ഏറ്റെടുക്കുക.

‘ആദാം’ എന്നാണ് ആദ്യമനുഷ്യന്റെ പേര്. (ഉല്പത്തി 2:7) ‘ആദാമാ’ എന്ന ഹീബ്രു പദത്തിൽ നിന്നാണ് ആദാം എന്ന വാക്ക് ഉണ്ടായത്. ഈ വാക്കിന് മണ്ണ്, ഭൂമി എന്നൊക്കെ അർത്ഥമുണ്ട്. ഇനി ഒന്നാലോചിച്ചേ എത്ര ബൃഹത്താണ് ഈ വാക്കിന്റെ പൊരുളെന്ന്.

മണ്ണിൽ നിന്നു മെനഞ്ഞെടുത്തു മനുഷ്യനെ. മണ്ണിൽ അദ്ധ്വാനിച്ച് അത്ഭുതങ്ങൾ സൃഷ്ടിച്ച് മണ്ണിലേക്ക് തിരികെ അലിഞ്ഞു ചേരുന്ന, മണ്ണുമായി ആഴത്തിൽ ബന്ധമുള്ള മനുഷ്യൻ.

ഉല്പത്തി ഒൻപതാം അധ്യായത്തിൽ നോഹയുമായുള്ള ദൈവത്തിന്റെ ഉടമ്പടി ‘മഴവില്ലിനെ’ സാക്ഷിയാക്കി ഭൂമിയിലെ എല്ലാ ജീവജാലങ്ങളെയും ബന്ധിപ്പിച്ചു കൊണ്ടുള്ളതായിരുന്നു. അങ്ങനെയെങ്കിൽ ഏതെങ്കിലും ജന്തുവിനെ ജീവനെ പ്രകൃതിയെ നശിപ്പിക്കുകയോ സ്വന്തം അത്യാഗ്രഹത്തിന് ഉപയോഗിക്കുകയോ ചെയ്താൽ അത് ഉടമ്പടിയുടെ ലംഘനമാകും.

പുറപ്പാടു പുസ്തകത്തിൽ സീനായ് മലയിൽ വച്ച് മോശെക്കു ദൈവം നല്കിയ പത്തു കല്പനകളിൽ ജനം സഹോദരന്മാരുമായി പ്രപഞ്ചവുമായി എങ്ങനെ ബന്ധം പുലർത്തണമെന്ന് പറഞ്ഞിട്ടുണ്ട്. ഭൂമിയും സസ്യജാലവും ജന്തുലോകവുമെല്ലാം ദൈവത്തിന്റെ വിശുദ്ധസൃഷ്ടികളാണ്.

മരങ്ങൾ മുറിച്ചു പ്രകൃതിയെ മുറിവേല്പിക്കുന്നതിനെതിരേ പക്ഷികളെ നശിപ്പിക്കുന്നതിനെതിരേ (ആവർത്തനം 20:19-20; 22:6-7) ബൈബിൾ ശക്തമായി പ്രതികരിക്കുന്നുണ്ട്.

(....തുടരും)

## അടിക്കുപകരം മിഠായി

വിശ്വസാഹിത്യകാരനായിരുന്ന ടോൾസ്റ്റോയിയുടെ പത്തുവയസ്സുകാരി മകൾ തന്റെ കൂട്ടുകാരിയുമൊത്ത് മുറ്റത്തു കളിച്ചുകൊണ്ടിരുന്നു. കളിയിൽ എന്തോ പിശകു പറ്റിയതിന്റെ പേരിൽ അവർ തമ്മിൽ വഴക്കായി.

കൂട്ടുകാരി ടോൾസ്റ്റോയിയുടെ മകളെ അടിച്ചു. അവൾ കരഞ്ഞുകൊണ്ട് അച്ഛനോടു പറഞ്ഞു: “എന്നെ തല്ലിയതിനു പകരമായി അച്ഛൻ അവളെ തല്ലണം”. അപ്പോൾ അദ്ദേഹം മകളോടു പറഞ്ഞത് “കുഞ്ഞേ, നിന്നെ അടിച്ചതിനു പകരം ഞാൻ അവളെ അടിച്ചാൽ എന്തു നന്മയാണുണ്ടാവുക. നിന്റെ വേദന കുറയുമോ... ഞാൻ അവളെ അടിച്ചാൽ അവൾ എന്നെയും നിന്നെയും വെറുക്കും. അതിനാൽ നിന്റെ കൂട്ടുകാരി നല്ലവളാകേണ്ടതിന് കുറച്ചു മിഠായി നീ അവൾക്കു കൊടുക്കണം. അങ്ങനെ ചെയ്താൽ ഒരിക്കലും അവൾ നിന്നെ വെറുക്കുകയില്ല”.

ടോൾസ്റ്റോയി ഇത്രയും പറഞ്ഞപ്പോൾ മകളുടെ മുഖം മങ്ങി. അവൾക്ക് അദ്ദേഹത്തിന്റെ തീരുമാനത്തോട് യോജിക്കുവാൻ പ്രയാസമായിരുന്നു. എങ്കിലും പിതാവിന്റെ നിർബന്ധം കൊണ്ട് അവൾ കൂട്ടുകാരിക്ക് മിഠായി കൊടുത്തു. പിന്നീട് ടോൾസ്റ്റോയി അവരുടെ പെരുമാറ്റരീതി നിരീക്ഷിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറയുകയാണ് “അവർ പിന്നീടൊരിക്കലും പിണങ്ങാത്ത ഉറ്റമിത്രങ്ങളായി മാറി”.

‘തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ.

മറിച്ച്, തിന്മയെ നന്മകൊണ്ട് കീഴടക്കുവിൻ’ (റോമ. 12:21).

കവിത

### അന്നേരം

പറിപ്പിനായി പാഠശാലയിൽ
ഞാനെത്തുന്നേരം
അടുത്തിരിക്കും കൂട്ടുകാരുടെ
സ്നേഹം കിട്ടുമ്പോൾ
ഗുരുക്കൻമാരുടെ വാക്കു കേട്ടെൻ
ഹൃദയം ചാഞ്ചാടും
സ്തുതിച്ചു പാടാനന്നേരം ഞാൻ
കരുതും ഹാലേലൂയ്

തിരിച്ചുവീട്ടിൽ വന്നെത്തുമ്പോൾ
ഉറ്റവരുണ്ടല്ലോ ഹായ്
പുറത്തയൽക്കൂട്ടങ്ങടെകൂടെ
കുതിച്ചു പായുന്നു.
മരത്തിൽ തൊട്ടും മണ്ണിനുമീതെ
കളിച്ചു മറിയുമ്പോൾ
സ്തുതിച്ചു പാടാൻ ഹൃദയത്തിൽ
ഞാൻ
കരുതും ഹാലേലൂയ്

ഉദിച്ച സൂര്യൻ അങ്ങേച്ചരിവിൽ
അണഞ്ഞിടുന്നേരം
വിളക്കു കത്തും വീടുകളെല്ലാ-
മുണർന്നിടുന്നേരം
വിശുദ്ധഗ്രന്ഥം തുറന്നുമെല്ലെ
കൈകൾ കൂപ്പുമ്പോൾ
സ്തുതിച്ചുപാടാൻ ചുണ്ടുകളിൽ
ഞാൻ
കരുതും ഹാലേലൂയ്

ഉറങ്ങിടും മുമ്പ്
ഉണർന്നെണീല്ക്കുമ്പോൾ
പ്രവൃത്തിചെയ്യുമ്പോഴെല്ലാം
കരുതും ഹാലേലൂയ്
സ്തുതിച്ചു പാടാനെപ്പോഴും ഞാൻ
കരുതും ഹാലേലൂയ്

EG NO. 337/14/15/ AL-86 TC III | MONTHLY MALAYALAM | REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 26th of every month

# ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ നേതൃത്വം നൽകി വരുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.






റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ



സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ




ക്രിസ്തുകൃപ ആശ്രമങ്ങൾ




ഹാപ്പി ഫാമിലി മിഷൻ




ഗ്രെയ്സ് ഫെസ്റ്റുകൾ



സൗജന്യ വിദ്യാഭ്യാസ
പരിപാടികൾ

Grace for Grace


യേശു ജീവിക്കുന്നു
Yesu Jeevikkunnu
'ലൗ ഇന്ത്യ 2010'-ന്
പ്രാർത്ഥനാ നിർഭരമായ തുടക്കം
ഭാരതമെങ്ങും മുഴങ്ങുവാനുള്ള
സ്നേഹ കാഹള ധ്വനിക്ക് ആരംഭം

മാസിക പ്രവർത്തനങ്ങൾ



പബ്ലിക്കേഷൻസ്

## ജി. എം. ഐയുടെ മറ്റു പ്രവർത്തനങ്ങൾ

- ★ TIMES (തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ & ഇവാൻജലിസം സ്റ്റഡീസ്)
- ★ SMRITI (സ്കൂൾ ഓഫ് മേജർ റിലിജിയൻസ് & ഇന്ത്യൻ ക്രിസ്ത്യൻ തിയോളജി)
- ★ ഏലീം മെഡിക്കൽ എയ്ഡ്
- ★ കാൽവറി ബ്ലഡ് ഡോണേഴ്സ് ഫോറം
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രെയർ സെല്ലുകൾ
- ★ ലിഡിയ ടെയിലറിങ്ങ് സ്കൂൾ
- ★ ഗ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെന്റർ
- ★ ഗുരുകുലം വിദ്യാപീഠം
- ★ രഹബോത്ത് ഡ്രിങ്കിങ്ങ് വാട്ടർ പദ്ധതി
- ★ ഹന്ന പ്രെയർ
- ★ മസി സത് – സംഗ്

Grace Ministries of India, Nanthancode,
Trivandrum- 695 003
☎ 0471 - 2311439 E-mail : gmi@graceindia.in
www.graceindia.in
A/C No. 00990100020000 (I.O.B, Main Branch,
Statue, Trivandrum)